ബാല കുസുമം
മാസിക

പുസ്തകം 13
ലക്കം 05
2026 ജൂൺ

# ദിനോസർ പക്ഷി

**കി**ഴക്കൻ ആഫ്രിക്കയിലെ ചതുപ്പുനിലങ്ങളിൽ കാണപ്പെടുന്ന ഷൂബിൽ എന്ന പക്ഷികളാണ് 'ദിനോസർപക്ഷികൾ' എന്നറിയപ്പെടുന്നത്. ഇവയുടെ ഷൂ ആകൃതിയിലുള്ള വലിയ കൊക്കുകളും തലയുടെ പ്രത്യേക രൂപവും വലിയ കണ്ണുകളും പ്രാചീനകാലത്തെ ദിനോസറുകളെ ഓർമിപ്പിക്കും. ഇവയ്ക്ക് ഏകദേശം ഒന്നര മീറ്റർ ഉയരവും 6 കിലോഗ്രാം ഭാരവും ചിറകുകൾ വിരിച്ചാൽ രണ്ടര മീറ്ററോളം വീതിയുമുണ്ടാവും.



മീനുകൾ, തവളകൾ, പാമ്പുകൾ തുടങ്ങിയവയാണ് ഷൂബിൽ പക്ഷികളുടെ പ്രധാന ഇരകൾ. ചെറിയ മുതലക്കുഞ്ഞുങ്ങളെയും ഇവ അകത്താക്കാറുണ്ട്. മണിക്കൂറുകളോളം പ്രതിമ പോലെ അനങ്ങാതെനിന്ന് ഇരയെ ആക്രമിക്കുന്നതാണ് രീതി. കൊക്കുകൾ തമ്മിലടിച്ച് മെഷീൻഗണ്ണു പോലെ ശബ്ദമുണ്ടാക്കാനും ഇവയ്ക്കു കഴിയും.

ഷൂബിൽ പക്ഷികളെക്കുറിച്ചുള്ള വീഡിയോ കാണാൻ സ്കാൻ ചെയ്തോളൂ...

# സുവർണ്ണ മനസ്സ്

**രാജാവ്** ഒരിക്കൽ തന്റെ പ്രജകളുടെ മനസ്സ് പരീക്ഷിക്കാൻ തീരുമാനിച്ചു.

ഗ്രാമത്തിലെ തിരക്കുള്ള ഒരു വഴിയുടെ ഒത്ത നടുവിൽ വലിയൊരു പാറക്കല്ല് കൊണ്ടുവന്നുവെച്ചു. അതിനടിയിൽ ഏതാനും സ്വർണ്ണനാണയങ്ങളടങ്ങുന്ന ഒരു സഞ്ചി ഒളിപ്പിച്ചുവെക്കുകയും ചെയ്തു. കൂടെ ഒരു കുറിപ്പും വെച്ചു. അതിൽ ഇങ്ങനെ എഴുതിയിരുന്നു: 'മറ്റുള്ളവരെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നവർക്കുള്ളതാണിത്.'

ആരാണ് ആ കല്ല് വഴിയിൽ നിന്ന് നീക്കുന്നതെന്നറിയാൻ രാജാവ് ഒരു ഭൃത്യനെ ഏൽപ്പിച്ചു.

കൊട്ടാരത്തിലെ ഉന്നത ഉദ്യോഗസ്ഥനായ ഒരു മന്ത്രിയും സമ്പന്നനായ ഒരു വ്യാപാരിയും അതു വഴി കടന്നുപോയി. വഴിയിൽ കിടക്കുന്ന പാറക്കല്ല്




**BALA KUSUMAM**
**CHILDRENS MONTHLY**

Samastha Centre
Jafarkhan Colony, Calicut - 6
Ph: 0495277846
kusumammasika@gmail.com

- **പബ്ലിഷർ**
  പി. കുഞ്ഞഹമ്മദ്
- **ചീഫ് എഡിറ്റർ**
  മുഹമ്മദ് പാറന്നൂർ
- **എക്സിക്യൂട്ടീവ് എഡിറ്റർ**
  സി.പി ശഫീഖ് ബുഖാരി
- **എഡിറ്റർ**
  ഇ.എം സുഫ്യാൻ ബുഖാരി
- **ജനറൽ മാനേജർ**
  കെ. ഉമർ മദനി
- **സർക്കുലേഷൻ**
  ശരീഫ് സഖാഫി എടയൂർ
- **ഇല്ലസ്ട്രേഷൻസ്**
  ശ്യാംദാസ്, ഷാജി എസ്.എം
- **ഡിസൈൻ ലേ–ഔട്ട്**
  അൻവർ സ്വാദിഖ് ബുഖാരി

നോക്കി പരാതിപ്പെട്ടതല്ലാതെ അവർ ഒന്നും ചെയ്തില്ല.




ഏതാനും സമയം കഴിഞ്ഞപ്പോൾ ഒരു പാവപ്പെട്ട കർഷകൻ അതുവഴി വന്നു. അയാൾ വളരെ പണിപ്പെട്ട് ആ പാറക്കല്ല് വഴിയരികിലേക്ക് തള്ളിമാറ്റി. അതിനടിയിൽ കണ്ട സഞ്ചി തുറന്നുനോക്കിയപ്പോൾ അയാൾ അത്ഭുതപ്പെട്ടു. സ്വർണ്ണനാണയങ്ങൾക്കൊപ്പമുള്ള കുറിപ്പു വായിച്ച് അദ്ദേഹം ദൈവത്തെ സ്തുതിച്ചു.

ഇതറിഞ്ഞ രാജാവ് അയാളെ വിളിച്ചു വരുത്തി പറഞ്ഞു: 'സ്നേഹം വെറും വാക്കുകളല്ല; മനുഷ്യരോടും സഹജീവകളോടുമുള്ള കരുണയും അലിവുമാണത്. താങ്കളെപ്പോലുള്ളവരെയാണ് ഈ രാജ്യത്തിനാവശ്യം.'

# കോഹിനൂർ രത്നം

## എന്താണ് കോഹിനൂർ രത്നത്തിന്റെ പ്രത്യേകത?




**ലോ**കത്തിലെ ഏറ്റവും പഴക്കമേറിയ, പ്രശസ്തമായ രത്നങ്ങളിലൊന്നാണ് കോഹിനൂർ രത്നം. ഇന്ത്യയിലെ ഗോൽക്കൊണ്ട ഖനികളിൽ നിന്നാണിത് ലഭിച്ചതെന്ന് കരുതപ്പെടുന്നു. കാകതീയ രാജവംശം, ഖിൽജി വംശം, മുഗൾ



സാമ്രാജ്യം, പേർഷ്യൻ ഭരണാധികാരികൾ, സിഖ് സാമ്രാജ്യം എന്നിവരിലൂടെ കൈമാറിയ ഈ രത്നം ഒടുവിൽ ഇത് ബ്രിട്ടീഷ്രാജ്ഞിയുടെ കിരീടത്തിന്റെ ഭാഗമായി മാറി. 'കോഹിനൂർ' എന്ന പേർഷ്യൻ വാക്കിന് 'പ്രകാശത്തിന്റെ പർവ്വതം' എന്നാണർത്ഥം. പേർഷ്യൻ ഭരണാധികാരിയായിരുന്ന നാദിർഷായാണ് ഈ പേര് നൽകിയത്. ഏകദേശം 186 കാരറ്റിലധികം തൂക്കമുണ്ടായിരുന്ന ഈ രത്നം തിളക്കം വർദ്ധിപ്പിക്കുന്നതിനായി 1852 ൽ ആൽബർട്ട് രാജകുമാരൻ മിനുക്കിയെടുത്തു. നിലവിൽ ഇതിന്റെ തൂക്കം 105.6 കാരറ്റാണ്. നിലവിൽ ഈ രത്നം ലണ്ടൻ ടവറിലെ 'ജുവൽ ഹൗസിൽ' പ്രദർശിപ്പിച്ചിരിക്കുകയാണ്. ഒരിക്കലും വിൽക്കപ്പെടുകയോ വാങ്ങപ്പെടുകയോ ചെയ്തിട്ടില്ലാത്ത രത്നം എന്ന പ്രത്യേകതയും കോഹിനൂരിനുണ്ട്.


സഫർ
അസ്സലാമു അലൈക്കും
വ അലൈക്കു മുസ്സലാം.
എന്താ മോനേ വിശേഷം? സുഖമല്ലേ?
അൽഹംദുലില്ലാഹ്, അൻവറിക്കാ, സുഖമാണ്. വിശേഷമൊന്നുമില്ല.
ഇടയ്ക്കിടെ ഇവിടെ കാണുന്നുണ്ടല്ലോ.
ഓ, ഉമ്മയും ഉപ്പയും കുറച്ചുദിവസമായി ഇവിടെ ഇക്കയുടെ വീട്ടിലാ.
ങേ? അസുഖമായി കിടക്കുകയാണോ?



കാര്യമായി അസുഖമൊന്നുമില്ല; അവരെ കാണാൻ വരുന്നതാ.
ഞാൻ വിചാരിച്ചു... സീരിയസായെന്തെങ്കിലും...! ഒന്നുമില്ലാതെ അത്രയും ദൂരത്തുനിന്ന് എന്നും ഇവിടെ വരികയില്ലല്ലോ.
അങ്ങനെ പറഞ്ഞതല്ല. എന്നാലും, പല തിരക്കുകളുമുള്ള നമ്മൾക്ക് എന്നും അവരെ കാണാൻ പോകാനൊക്കുമോ?
അൻവറിക്കാ, സ്വന്തം ഉമ്മയെയും ഉപ്പയെയും കാണാൻ വരണമെങ്കില് അവർക്കെന്തെങ്കിലും അസുഖമുണ്ടാകണോ?
തിരക്കുകളൊക്കെ മാറ്റിവെച്ച് അവരെ കാണാൻ പോകണമിക്കാ, അവരെത്ര ദൂരെയാണെങ്കിലും.
അതൊക്കെ പ്രയാസമാണ് മോനേ, ഞാനെന്റെ ഉമ്മയെ കണ്ടിട്ട് മാസം ഒന്നു കഴിഞ്ഞു.
ങേ? ഒരുമാസമോ? വലിയ തെറ്റാണിക്കാ നിങ്ങൾ ചെയ്യുന്നത്. നിങ്ങളെ കാണാൻ ഉമ്മയ്ക്ക് പൂതിയുണ്ടാവില്ലേ? കണ്ടാൽ നല്ല സന്തോഷമുണ്ടാവില്ലേ?


ഒക്കെ ഉണ്ടായിരിക്കാം. പക്ഷേ, നേരം കിട്ടണ്ടേ?
നേരം കണ്ടെത്തി പോകണമിക്കാ. കാര്യമൊന്നുമില്ലെങ്കിലും വലിയ പുണ്യമാണത്.
അത്ര വലിയ പുണ്യമുള്ള കാര്യമാണോ?
പിന്നല്ലാതെ, അവരെ കാണാൻ പോകുന്നത് പുണ്യമാണ്. അവർക്കു സേവനം ചെയ്യുന്നതും മഹത്തായ പുണ്യമാണ്. അവരുടെ മുഖത്തേക്ക് നോക്കിയിരിക്കുന്നതും പുണ്യമാണ്. അവരോട് വർത്തമാനം പറയുന്നതും അവർക്ക് പറയാനുള്ളത് കേൾക്കുന്നതുമെല്ലാം പരലോകത്ത് വലിയ പ്രതിഫലം കിട്ടുന്ന പുണ്യമാണിക്കാ.
നേരോ മോനേ?
നേരാണ്. മുത്തുനബി ഉപദേശിച്ച കാര്യമാണിതെല്ലാം.
പടച്ചോനേ!



അബൂറയ്യാൻ

# മഴയൊഴിയാത്ത ദേശങ്ങൾ

മൺസൂൺ കാറ്റുകളെ തടഞ്ഞുനിർത്തുന്ന പശ്ചിമഘട്ട മലനിരകളുടെ സാന്നിധ്യവും ഭൂപ്രകൃതിയിലെ സവിശേഷതകളും കാരണം ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സ്ഥലങ്ങൾ ഇന്ത്യയിലുണ്ട്. പുതിയ കാലാവസ്ഥാ കണക്കുകൾ അടിസ്ഥാനമാക്കി ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന 10 സ്ഥലങ്ങൾ നോക്കൂ:

### 1. മൗസിൻറാം (മേഘാലയ)

ഭൂമിയിലെ ഏറ്റവും ഈർപ്പമുള്ള സ്ഥലമായി അറിയപ്പെടുന്ന ഇവിടെ പ്രതിവർഷം ശരാശരി 11,871 മി.മീ. മഴ ലഭിക്കുന്നു. കിഴക്കൻ ഖാസികുന്നുകളിൽ സ്ഥിതിചെയ്യുന്ന മൗസിൻറാം ബംഗാൾ ഉൾക്കടലിൽ നിന്നുള്ള മൺസൂൺകാറ്റുകളെ തടഞ്ഞുനിർത്തുന്നതുകൊണ്ടാണ് ഇവിടെ വലിയ അളവിൽ മഴ ലഭിക്കുന്നത്.

### 2. ചിറാപുഞ്ചി / സോഹ്റ (മേഘാലയ)

മൗസിൻറാമിൽ നിന്ന് വെറും 15 കിലോമീറ്റർ മാത്രം അകലെയുള്ള ചിറാപുഞ്ചിക്ക് മഴക്കണക്കിൽ രണ്ടാം സ്ഥാനമാണുള്ളത്. ഏകദേശം 11,777 മി.മീ.

ആണ് ഇവിടുത്തെ ശരാശരി മഴ. ഒരു മാസത്തിലും ഒരു വർഷത്തിലും ലഭിച്ച ഏറ്റവും ഉയർന്ന മഴയുടെ ലോകറെക്കോർഡുകൾ ഇന്നും ചിറാപുഞ്ചിയുടെ പേരിലാണുള്ളത്.

### 3. അഗുംബെ (കർണാടക)

'ദക്ഷിണേന്ത്യയിലെ ചിറാപുഞ്ചി' എന്നറിയപ്പെടുന്ന അഗുംബെ ഷിമോഗജില്ലയിലെ ഒരു മഴക്കാടാണ്. പ്രതിവർഷം 7,624 മി.മീ മുതൽ 7,640 മി.മീ വരെ മഴ ഇവിടെ ലഭിക്കുന്നു. ജൈവവൈവിധ്യത്താലും രാജവെമ്പാലകളാലും പ്രശസ്തമാണ് അംഗുംബെ.

### 4. മഹാബലേശ്വർ (മഹാരാഷ്ട്ര)

പശ്ചിമഘട്ടത്തിലെ പ്രശസ്തമായ ഈ ഹിൽ സ്റ്റേഷനിൽ വർഷം തോറും 5,600 മി.മീറ്ററിലധികം മഴ ലഭിക്കുന്നു. അടുത്ത കാലത്തായി ചില മൺസൂൺമാസങ്ങളിൽ മൗസിൻറാമിനെക്കാൾ കൂടുതൽ മഴ ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്.

### 5. ചിന്നക്കല്ലാർ (തമിഴ്നാട്)

കോയമ്പത്തൂർ ജില്ലയിലെ ഇടതൂർന്ന വനമേഖല











യാണിത്. മേഘാലയയിലെ സ്ഥലങ്ങൾ കഴിഞ്ഞാൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന മൂന്നാമത്തെ ഇടമായി ഇതിനെ പലപ്പോഴും കണക്കാക്കാറുണ്ട്. ശരാശരി 5,000 മി.മീ. മഴയാണ് ഇവിടെ ലഭിക്കുന്നത്.

### 6. പാസിഘട്ട് (അരുണാചൽപ്രദേശ്)

ഹിമാലയൻ താഴ്‌വരയിൽ സ്ഥിതിചെയ്യുന്ന അരുണാചൽപ്രദേശിലെ ഏറ്റവും പഴയ പട്ടണങ്ങളിലൊന്നാണ് പാസിഘട്ട്. ഇവിടെ വർഷത്തിൽ 4,400 മി.മീ. മുതൽ 5,000 മി.മീ. വരെ മഴ ലഭിക്കുന്നുണ്ടെന്നാണ് കണക്ക്.

### 7. അംബോലി (മഹാരാഷ്ട്ര)

സഹ്യാദ്രികുന്നുകളിൽ സ്ഥിതിചെയ്യുന്ന അംബോലിയിൽ ഏകദേശം 7,400 മി.മീ. മഴ ലഭിക്കുന്നു. മധ്യേന്ത്യയിലെ ഏറ്റവും ഈർപ്പമുള്ള സ്ഥലങ്ങളിലൊന്നാണിത്.

### 8. നേര്യമംഗലം (കേരളം)

'കേരളത്തിലെ ചിറാപുഞ്ചി' എന്ന് വിളിക്കപ്പെടുന്ന നേര്യമംഗലം ഇടുക്കിയിലേക്കുള്ള പ്രവേശനകവാടമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിലൊന്നായ ഇവിടെ പലപ്പോഴും 5,000 മി.മീറ്ററോളം മഴ ലഭിക്കാറുണ്ട്.

### 9. ഗാങ്ടോക്ക് (സിക്കിം)

ഹിമാലയൻ സംസ്ഥാനമായ സിക്കിമിന്റെ തലസ്ഥാനമായ ഗാങ്ടോക്കിൽ വർഷം തോറും 3,500 മി.മീ മുതൽ 3,800 മി.മീ വരെ മഴ ലഭിക്കുന്നു. ഈ മഴ നഗരത്തെ എപ്പോഴും പച്ചപ്പുള്ളതാക്കി നിലനിർത്തുന്നു.

### 10. നോങ്സ്റ്റോയിൻ (മേഘാലയ)

മേഘാലയയിൽ നിന്നുള്ള മറ്റൊരു പ്രദേശമായ നോങ്സ്റ്റോയിനിൽ ഏകദേശം 4,500 മി.മീ. മഴ ലഭിക്കുന്നു. മൗസിൻറാമിനെ അപേക്ഷിച്ച് കുറവാണെങ്കിലും രാജ്യത്തെ മറ്റു ഭാഗങ്ങളെ വെച്ചുനോക്കുമ്പോൾ ഇത് വളരെ ഉയർന്ന അളവാണ്.

സിംപിൾ ക്രാഫ്റ്റ്

# പട്ടം നിർമ്മിക്കാം

കൂട്ടുകാർക്ക് പട്ടം പറത്താനറിയാമോ? ഈർക്കിലും വർണ്ണക്കടലാസും ഉപയോഗിച്ച് നമുക്കൊരു പട്ടം നിർമ്മിച്ചാലോ?



**ആവശ്യമായ സാധനങ്ങൾ**

1. സമചതുരാകൃതിയിലുള്ള കടലാസ്
2. ടേപ്പ്
3. പശ
4. കത്രിക
5. റിബൺ
6. നൂൽ
7. രണ്ട് ഈർക്കിലുകൾ (ഇവയിലൊന്ന് പേപ്പറിന്റെ കോണോടുകോൺ അളവിലും മറ്റൊന്ന് അതിനെക്കാൾ ഒരിഞ്ച് നീളം കൂടുതലും)

## ആവശ്യമായ സാധനങ്ങൾ

പേപ്പർ കോണോടുകോൺ പകുതിയായി മടക്കിയ ശേഷം നിവർത്തിവെക്കുക. നീളം കുറഞ്ഞ ഈർക്കിൽ പേപ്പറിന്റെ മടക്കിൽ വച്ച് ടേപ്പ് ഉപയോഗിച്ച് ഒട്ടിക്കുക. അതിന്റെ അഗ്രങ്ങൾ പേപ്പറിന്റെ കോണുകളുടെ ഒപ്പമാണെന്ന് ഉറപ്പാക്കുക. നീളം കൂടിയ ഈർക്കിലിന്റെ ഒരറ്റം, ആദ്യം ഈർക്കിൽ ഒട്ടിക്കാത്ത കോണിൽ ടേപ്പ് ഉപയോഗിച്ച് ഒട്ടിക്കുക. ശേഷം ഈർക്കിൽ വില്ലുപോലെ വളച്ച് അതിന്റെ മറ്റേയറ്റം എതിർവശത്തെ കോണിൽ ഒട്ടിക്കുക. വളവ് കൃത്യമായി നിൽക്കാൻ ചെറിയ രണ്ടു കഷ്ണം ടേപ്പുകൾ കൂടി ഉപയോഗിക്കാം. പട്ടത്തിന്റെ വാലായി ഒരു റിബൺ ഒട്ടിക്കുക. നീളം കുറഞ്ഞ ഈർക്കിലിന്റെ അതേ ദിശയിൽ താഴെയായി വേണം ഇത് ഒട്ടിക്കാൻ. പട്ടം പറക്കുമ്പോൾ ബാലൻസ് നിലനിർത്താൻ വേണ്ടിയാണിത്. വളച്ചുവെച്ചിരിക്കുന്ന ഈർക്കിലിന്റെ ഇരുവശങ്ങളിലുമായി നൂൽ കെട്ടുക. റിബൺ ഒട്ടിച്ച പശ ഉണങ്ങിക്കഴിഞ്ഞാൽ നിങ്ങളുടെ പട്ടം പറത്താം.

# യഥാർത്ഥ ചങ്ങാതി

അശ്റഫലി തിരൂർക്കാട്

പിങ്കിത്താറാവും കറുമ്പിക്കാക്കയും കുഞ്ഞനണ്ണാനും ചങ്ങാതിമാരായിരുന്നു. പറങ്കിക്കാട്ടിലെ പറങ്കിമാവിലാണ് കുഞ്ഞനണ്ണാൻ താമസിക്കുന്നത്. പറങ്കിക്കാടിനടുത്തുള്ള നീലക്കുളത്തിലാണ് പിങ്കിത്താറാവിന്റെ താമസം. കറുമ്പിയാകട്ടെ, കുളത്തിനരികിലുള്ള അത്തിമരത്തിലും. അത്തിപ്പഴം പഴുക്കുമ്പോഴൊക്കെ കറുമ്പി പിങ്കിക്കും കുഞ്ഞനും വേണ്ടുവോളം അത്തിപ്പഴം കൊടുക്കും. നല്ല പഴുത്ത കശുമാങ്ങ പറിച്ച് കുഞ്ഞൻ പിങ്കിയെയും കറുമ്പിയെയും കാണാനെത്തും. എന്നാൽ, പിങ്കിക്കാകട്ടെ രണ്ടുപേർക്കും തിരിച്ചൊന്നും കൊടുക്കാൻ കഴിയാറില്ല. തമാശക്കാണെങ്കിലും ഇക്കാര്യം പറഞ്ഞ് രണ്ടുപേരും ഇടക്കൊക്കെ പിങ്കിയെ കളിയാക്കാറുണ്ടായിരുന്നു. എങ്കിലും പിങ്കി ഒന്നും തിരിച്ചുപറയാറില്ല. അവൾ ഇരുവരെയും നോക്കി പുഞ്ചിരിക്കും.

ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ അത്തിമരത്തിലെ പഴങ്ങളെല്ലാം തീർന്നുപോയി. പറങ്കിമാവിലെ കശുമാങ്ങയും തീർന്നു. കറുമ്പിയും കുഞ്ഞനും ആകെ ദുരിതത്തിലായി.

‘ഇനിയെന്തു ചെയ്യും? അടുത്തെവിടെയും ഒന്നും കിട്ടാനില്ല.’ കറുമ്പി കുഞ്ഞനണ്ണാനോട് പറഞ്ഞു.

കുഞ്ഞനും കൈ മലർത്തി. അങ്ങനെ രണ്ടുപേരും പിങ്കിക്കടുത്തെത്തി. പിങ്കി പറഞ്ഞു: ‘പേടിക്കേണ്ട. പഴങ്ങളൊന്നും കിട്ടിയില്ലെങ്കിൽ ഞാനല്പം മീൻ പിടിച്ചു തരാം.’

ഇതും പറഞ്ഞുകൊണ്ട് പിങ്കി കുളത്തിനടിയിലേക്ക് ഊളിയിട്ടു. വൈകാതെ ചുണ്ടിൽ പിടയ്ക്കുന്ന രണ്ടു മീനുകളുമായി തിരികെയെത്തി. വിശപ്പു കാരണം രണ്ടുപേരും വേഗമത് കഴിച്ചു. പിങ്കിയോട് നന്ദി പറഞ്ഞ് അവർ

യാത്ര തിരിച്ചു.

പിന്നീടൊരുനാൾ കറുമ്പി കുറച്ചു ദൂരെ തന്റെ കൂട്ടുകാരനായ നീലുക്കാക്കയുടെ അടുത്തേക്കു പോയി. അല്പനേരം കഴിഞ്ഞ് മടങ്ങിയെത്തിയപ്പോൾ തന്റെ കുഞ്ഞിനെ കൂട്ടിൽ കാണുന്നില്ല. കറുമ്പി ഉറക്കെ കരയാൻ തുടങ്ങി. കറുമ്പിയുടെ കരച്ചിൽ കേട്ട് പിങ്കിയും കുഞ്ഞനും ഓടിയെത്തി. അപ്പോഴാണ് കാക്കക്കുഞ്ഞ് വെള്ളത്തിൽ മുങ്ങിത്താഴുന്നതു കണ്ടത്. കറുമ്പിയും കുഞ്ഞനും നിസ്സഹായരായി നോക്കി നിൽക്കുമ്പോൾ പിങ്കി വേഗത്തിൽ നീന്തിച്ചെന്ന് കാക്കക്കുഞ്ഞിനെ രക്ഷപ്പെടുത്തി കരയിലെത്തിച്ചു. കറുമ്പിക്ക് ആശ്വാസമായി. കറുമ്പി പിങ്കിയെ ചേർത്തു പിടിച്ചു. കളിയാക്കിയതിനെല്ലാം ക്ഷമ ചോദിക്കുകയും സഹായിച്ചതിന് നന്ദി പറയുകയും ചെയ്തു. പിന്നീടൊരിക്കലും അവർ ആരെയും കളിയാക്കാതെ നല്ല ചങ്ങാതിമാരായി ജീവിച്ചു.



# രാജാവും അടിമയും


ഒരിക്കൽ ഒരു വളർത്തുനായ വഴിതെറ്റി കാട്ടിലെത്തി.
എത്രയെത്ര മരങ്ങൾ!
ങേ? ഈ വളർത്തു നായ എങ്ങനെ ഇ വിടെയെത്തി?
ഹിഹി! കാട്ടിലെ രാജാ വാണത്രെ! കോലം ക ണ്ടില്ലേ, മെലിഞ്ഞൊട്ടി!
ഇങ്ങനെ പട്ടിണി കിട ന്ന് മെലിഞ്ഞുമെലി ഞ്ഞ് മരിക്കാനാകും നിന്റെ വിധി.
എന്റെ തടിച്ചു മിനു ങ്ങുന്ന ശരീരം കണ്ടിട്ട് നിനക്ക് അസൂയ തോന്നുന്നില്ലേ?


ഹിഹി! ഒരസൂയയുമില്ല സുഹൃത്തേ. ഞാൻ രാജാവും നീ അടിമയുമാണ്.
കഴുത്തിലെ ഈ ചങ്ങല ചുമക്കുന്നതിന് യജമാനൻ തരുന്ന കൂലിയാണ് നിന്റെ ഭക്ഷണം.
ങേ? ശരിയാണല്ലോ!
എനിക്കതിന്റെ ആവശ്യമില്ല.
പട്ടിണി കിടന്നാലും മറ്റുള്ളവരുടെ അടിമയാകാൻ എന്നെ കിട്ടില്ല.
നീ നാട്ടിൽ പോയി ഇനിയും അടിമയായി കഴിഞ്ഞോളൂ.
ശ്ശൊ! ആകെ നാണക്കേടായി.

# പറമ്പിലുണ്ടൊരു പരിസ്ഥിതി പ്രവർത്തനം

നസീമിന്റെ വീട്ടിൽ അവന്റെ ഇത്താത്തയുടെ കല്യാണമാണ്. കുഞ്ഞുമോനെയും കൂട്ടുകാരെയും ക്ഷണിച്ചിട്ടുണ്ട്. നേരത്തെ എത്തണമെന്ന് നസീം പ്രത്യേകം പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് രാവിലെത്തന്നെ കുളിച്ചൊരുങ്ങി പുറപ്പെട്ടത്. റിയാസുണ്ട്, നജീബുണ്ട്, ഹാരിസുണ്ട്, ഗോപുവും അശോകുമുണ്ട്. തമാശകൾ പറഞ്ഞു ചിരിച്ചുകൊണ്ടങ്ങനെ നടന്നുപോകുമ്പോഴാണ് വഴിയോരത്തെ പറമ്പിൽ നിന്ന് വർത്തമാനങ്ങൾ കേട്ടത്. അവിടേക്കെത്തിനോക്കി റിയാസ് പറഞ്ഞു: 'എടോ നോക്ക്, നമ്മുടെ അൻവർ സാറല്ലേ അത്? സാറിനെപ്പോലെത്തന്നെയുണ്ട്.'

അവൻ കൈ ചൂണ്ടിയ ഇടത്തേക്കു നോക്കി നജീബ് പറഞ്ഞു: 'അൻവർ സാറോ, ലുങ്കിയുടുത്ത് ബനിയനിട്ട് കൈയിൽ ഒരു തൂമ്പയുമായി പണിയെടുക്കുന്നത് സാറല്ലെടോ. സാറിനെപ്പോലുള്ള വേറെ ആരെങ്കിലുമാകും.'

'അത് നമ്മുടെ അൻവർ സാർ തന്നെയാണ്.' കുഞ്ഞുമോൻ സൂക്ഷിച്ചുനോക്കി ഉറപ്പിച്ചു പറഞ്ഞു.

കൂട്ടുകാർക്കു സംശയം; പാന്റ്സും ഷൂവുമിട്ട് ഷർട്ട് ഇൻസൈഡാക്കി ക്ലാസ്സിൽ വരുന്ന സാർ ഇങ്ങനെ ഒരു നാടൻപണിക്കാരന്റെ വേഷത്തിലോ? കൂടെ വേറെയും പണിക്കാരുണ്ടല്ലോ. തൂമ്പകൊണ്ട് മണ്ണ് ഇളക്കിയിടുന്നതിനിടയിൽ ഒന്നു നിവർന്നുനിന്നപ്പോഴാണ് സാർ വഴിയിൽ നോക്കിനിൽക്കുന്ന കുട്ടികളെ കണ്ടത്. സാർ ഉടനെ വിളിച്ചു: 'ഇങ്ങോട്ട്



ബയും കൂട്ടുകാരുമാണല്ലേ. ഒരു പ്രകടനത്തിന് ആളുണ്ടല്ലോ, കൊടിയില്ലെന്നേയുള്ളൂ. എങ്ങോട്ടാണ് എല്ലാവരും കൂടി ഇത്ര രാവിലെ?'

'സാറേ, നസീമിന്റെ വീട്ടിലെ കല്യാണത്തിന് പോവാ.'

'കല്യാണം ഉച്ചയ്ക്കല്ലേ? നിങ്ങൾ എന്തിനാ ഇത്ര നേരത്തെ?'

'സാറേ, അവൻ നേരത്തെ ചെല്ലാൻ പറഞ്ഞിട്ടുണ്ട്.'

'ഓഹോ, സഹായിക്കാനാവും മേശയും കസേരയും തുടയ്ക്കാനും പിടിച്ചിടാനുമൊക്കെ ചങ്ങാതിമാരെ വിളിച്ചത്. നല്ല കൂട്ടുകാർ തന്നെ! എന്നാ വേഗം പൊയ്ക്കോ, ഞാൻ ഇവിടെ തടഞ്ഞു വെക്കുന്നില്ല.'

'സാർ ഇവിടെ എന്തു ചെയ്യ്വാ, കൂലിപ്പണിയാണോ?' റിയാസ് ചോദിച്ചു

'കൂലിപ്പണിയൊന്നുമല്ല,

കയറിവരിനെടോ, ആരൊക്കെയാണെന്ന് നോക്കട്ടെ.'

'നമ്മുടെ സാർ തന്നെ' എന്നു പറഞ്ഞ് കൂട്ടുകാർ പറമ്പിലേക്കു കയറി. മുമ്പിൽ കുഞ്ഞുമോൻ, തൊട്ടുപിന്നിൽ റിയാസ് അങ്ങനെ... വരമ്പിലൂടെ വരിവരിയായി നടന്നുവരുന്നവരെ നോക്കി സാറ് ചിരിച്ചുകൊണ്ട് പറഞ്ഞു: 'ങ്ഹാ... മുജ്ത

പറമ്പിൽ പണിയാ.'

'ഇതെന്തിനാ ഈ മണ്ണൊക്കെ ഇങ്ങനെ ഇളക്കിയിട്ടിരിക്കുന്നത്, കൃഷിയുണ്ടാക്കാനാണോ?' കുഞ്ഞുമോന് സംശയം.

'കൃഷിയുണ്ടാക്കാനൊന്നുമല്ല, വെള്ളം തടഞ്ഞുനിർത്താനാ.'

'അതിനിപ്പോ ഇവിടെ വെള്ളമൊന്നും കാണുന്നില്ലല്ലോ സാറേ?' ഹാരിസിന്റെ ചോദ്യം കേട്ട് കൂട്ടുകാർ ചിരിച്ചു. അപ്പോൾ സാർ പറഞ്ഞു: 'കളിയാക്കല്ലെടോ, ഇതൊരു വലിയ കാര്യമാണ്. ഇപ്പോൾ വെള്ളമില്ലെങ്കിലും മഴപെയ്യുമ്പോൾ വെള്ളമെത്തും. തടഞ്ഞുവെച്ചില്ലെങ്കിൽ എല്ലാം ഒഴുകി താഴെയുള്ള തോട്ടിലെത്തും. തോട്ടിലൂടെ പുഴയിലും പിന്നെ കടലിലുമെത്തും. അങ്ങനെയായാൽ മഴവെള്ളം കൊണ്ട് നമുക്കെന്തു ഗുണം കിട്ടും?'

'അതിനെ തടഞ്ഞുവെച്ചിട്ടെന്താ കാര്യം സാറേ?'

'മക്കളേ, നിങ്ങളിപ്പോഴും ഇങ്ങനെയാണോ ചോദിക്കുന്നത്? കഠിനമായ ഒരു വേനലിൽ നമ്മളെല്ലാവരും എരിപിരി കൊള്ളുകയായിരുന്നില്ലേ? വയലുകളും കിണറുകളും കുളങ്ങളും തടാകങ്ങളും പുഴകളുമൊക്കെ വറ്റിവരണ്ടു. കുടിവെള്ളം പോലും വേണ്ടത്ര കിട്ടാതെ ജീവജാലങ്ങളെല്ലാം കഷ്ടപ്പാടിലായി. കൃഷികൾ മാത്രമല്ല; മരങ്ങൾ വരെ ഉണങ്ങിപ്പോയി. ചൂടാണെങ്കിലോ, സഹിക്കാൻ വയ്യാതായി. ഓരോ കൊല്ലം കഴിയുമ്പോഴും ചൂട് കൂടിക്കൂടി വരികയല്ലേ? ഇതിനൊക്കെ കാരണമെന്താണെന്നറിയോ കൂട്ടുകാർക്ക്?

'കാടുകളും മരങ്ങളുമൊക്കെ നശിപ്പിച്ചിട്ടല്ലേ സാറേ?'

'അതുമാത്രമല്ലെടോ, മണ്ണിലെ നനവ് ഇല്ലാതായിട്ടു കൂടിയാണ്. പടച്ചവൻ ഓരോ വർഷവും നമുക്ക് ആവശ്യത്തിനും അതിലധികവും മഴ വർഷിപ്പിച്ചു തരുന്നുണ്ട്. എന്നിട്ടോ, ആ വെള്ളമൊന്നും സംഭരിച്ചുവെക്കാൻ നമുക്ക് കഴിയുന്നില്ല. എങ്ങും കോൺക്രീറ്റു കെട്ടിടങ്ങളല്ലേ. അവയുടെ മുകളിൽ പെയ്യുന്ന മഴ ശറ ശറാന്ന് മുറ്റത്തേക്കു ചാടും. മുറ്റങ്ങളൊക്കെ ടൈൽസ് പാകിയതാകുമ്പോൾ അവിടെയും വെള്ളം നിൽക്കില്ല. എല്ലാം പറമ്പിലേക്കൊഴുകും. പണ്ടൊക്കെ പറമ്പിൽ

കൃഷികളുണ്ടായിരുന്നു. മണ്ണ് ഇളകിയതായിരുന്നു. വരമ്പൊക്കെ മണ്ണു കൂട്ടി ഉയർത്തിയിരുന്നു. അതുകൊണ്ട്, വെള്ളമെല്ലാം അവിടെത്തന്നെ ഭൂമിക്കടിയിലേക്ക് ഇറങ്ങിപ്പോകുമായിരുന്നു. കൃഷിയില്ലാതായപ്പോൾ നിലം കടുത്തുറച്ചുപോയി. വരമ്പുകൾ നിരന്നുപോയി. അപ്പോളെങ്ങനെ വെള്ളം ഭൂമിയിലേക്കിറങ്ങും? എല്ലാം ഒഴുകിപ്പോവില്ലേ?



ആ വെള്ളത്തെ തടഞ്ഞുനിർത്താനുള്ള പണിയാണിത്. ഇങ്ങനെ തടഞ്ഞുനിർത്തുന്ന വെള്ളം ഭൂമിക്കടിയിലേക്കിറങ്ങും. ആ വെള്ളമാണ് നമ്മുടെ കിണറുകളിൽ തെളിനീരുറവയായി എത്തുന്നത്. ആ വെള്ളമാണ് പറമ്പിലെ ചെടികളും മരങ്ങളും കുടിക്കുന്നത്. ആ വെള്ളമാണ് ഭൂമിയിൽ ചൂടേറാതിരിക്കാൻ സഹായിക്കുന്നത്. ഇങ്ങനെ ഒരുപാട് ഗുണങ്ങളുണ്ട് മക്കളേ.

ജൂൺ അഞ്ച് പരിസ്ഥിതി

# ബലൂൺ



**ഇ**ത്തിരിയുള്ളൂ വാ എന്നാലും
ഒത്തിരി വലിയൊരു വയറുണ്ടേ
വയറിൽ കാറ്റു നിറച്ചാൽ പിന്നെ
കാണാനെന്തൊരു ചേലാണേ
ഒരു മുള്ളെങ്ങാൻ കൊണ്ടെന്നാകിൽ
ആഹാ! കഷ്ടം തന്നെ കാര്യം.

അബ്ദുല്ല പേരാമ്പ്ര

ദിനമാണെന്ന് നിങ്ങൾക്കറിയാമല്ലോ. പരിസ്ഥിതി ദിനാചരണം എന്നാൽ കുറച്ചു മരങ്ങൾ നട്ടുപിടിപ്പിക്കലാണെന്നാണ് പലരുടെയും വിചാരം. അതു വേണം. എന്നാൽ, അതു മാത്രമല്ല, ഇതുപോലുള്ള പല കാര്യങ്ങളും നാം ശ്രദ്ധിക്കേണ്ടതുണ്ട്.'

'ഇതും പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമാണ്, അല്ലേ സാർ?'

'അതേടോ, ഈ വരമ്പുണ്ടാക്കൽ മാത്രമല്ല, പറമ്പിൽ അവിടവിടെ കുറെ കുഴികളുമുണ്ടാക്കണം. അതിലൂടെയും വെള്ളം ഭൂമിക്കടിയിലേക്കിറങ്ങട്ടെ. അങ്ങനെ നമുക്ക് മണ്ണിനെ റീച്ചാർജ്ജ് ചെയ്യാം. എന്താ?'

'ഇപ്പോ മനസ്സിലായി സാറേ. സാറ് ഇതിനെക്കുറിച്ചൊക്കെ ക്ലാസിൽ പറഞ്ഞിരുന്നല്ലോ. ഞങ്ങളിപ്പോൾ പോകട്ടെ, നസീം കാത്തുനിൽക്കയാവും. പിന്നെ, നാളെ സ്കൂൾ തുടങ്ങ്വല്ലേ?'

'ങ്ആ... നാളെയും നേരത്തെ വരണം കേട്ടോ. അവിടെയുമുണ്ടാകും നിങ്ങൾക്ക് കുറെ പണികൾ; ബെഞ്ചും ഡെസ്കും ശരിയാക്കിയിടാനും മറ്റും. ഇപ്പോൾ നിങ്ങൾ പൊയ്ക്കോ. കല്യാണത്തിന് ഞാനും വരുന്നുണ്ട്; എനിക്കും ക്ഷണമുണ്ട്.'

'ഒകെ സാർ, ഞങ്ങളവിടെയുണ്ടാവും.'



# ഹോജ



പാതിരനേരത്ത് ഒരു കള്ളൻ ഹോജയുടെ വീട്ടിലേക്ക്.
കള്ളൻ ഇങ്ങോട്ടാണല്ലോ; കൈയിൽ ഒരു മുട്ടൻ വടിയുമുണ്ട്.




തൽക്കാലം ഈ പെട്ടിക്കുള്ളിൽ ഒളിക്കാം.
കള്ളൻ വീടു മുഴുവൻ പരതിയെങ്കിലും ഒന്നും കിട്ടിയില്ല.
ഇവിടെ ആരുമില്ലെന്നു തോന്നുന്നു. ഈ പെട്ടി ഒന്നു തുറന്നുനോക്കാം.
സഹോദരാ, അതിഥിയായി വന്ന താങ്കൾക്കു നൽകാൻ ഇവിടെ ഒന്നുമില്ലല്ലോ. നാണക്കേടുകൊണ്ടാണ് ഇവിടെ ഒളിച്ചത്.
?!

മനാസ്വിർ പടല

# മുഹറം പവിത്രമാസം



## ആദ്യമാസം

ഹിജ്റ കലണ്ടറിലെ ഒന്നാമത്തെ മാസമാണ് മുഹറം. ഇസ്‌ലാമിക ചരിത്രത്തിലെ നാഴികക്കല്ലായ മദീനയിലേക്കുള്ള തിരുനബി(സ)യുടെ ഹിജ്റയെ അടിസ്ഥാനമാക്കിയാണ് ഹിജ്റ കലണ്ടർ നിർമിച്ചത്.

## മുഹറം ഹറാം

മുഹറം എന്ന വാക്കിന് 'വിലക്കപ്പെട്ടത്', 'പവിത്രമായത്' എന്നൊക്കെയാണർത്ഥം. ഇസ്‌ലാമിൽ യുദ്ധം നിഷിദ്ധമായ നാലു മാസങ്ങളിലൊന്നാണിത്. ദുൽഖഅ്ദ, ദുൽഹിജ്ജ, റജബ് എന്നിവയാണ് യുദ്ധം ഹറാമായ മറ്റു മാസങ്ങൾ.

## ശഹ്റുല്ലാഹ്

തിരുദൂതർ(സ) 'ശഹ്റുല്ലാഹ്' അഥവാ, അല്ലാഹുവിന്റെ മാസം എന്ന് ഈ മാസത്തെ പരിചയപ്പെടുത്തിയിട്ടുണ്ട്. ഒരുപാട് നബിമാരുടെ ജീവിതത്തിലെ നിർണായക സംഭവങ്ങൾക്ക് സാക്ഷിയായതിനാൽ 'ശഹ്റുൽഅൻബിയാഅ്' എന്ന പേരു കൂടിയുണ്ട് മുഹറത്തിന്.

ത് മുഹറം പത്തിനായിരുന്നു.

## വ്രതപുണ്യം

റമളാനിലെ നോമ്പു കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠമായ നോമ്പ് മുഹറത്തിലാണെന്ന് തിരുനബി(സ) പറഞ്ഞിട്ടുണ്ട്. മുഹറം പത്ത് 'ആശൂറാഅ്' ദിനത്തിലെ നോമ്പ് ഒരു വർഷത്തെ പാപങ്ങൾ പൊറുപ്പിക്കുമെന്നും ഹദീസിലുണ്ട്. മുഹറം ഒമ്പത് 'താസൂആഅ്' ദിവസവും നോമ്പ് സുന്നത്തുണ്ട്.

## ചരിത്രസാക്ഷ്യം

ഇസ്‌ലാമിലെ ചരിത്ര പ്രാധാന്യമുള്ള നിരവധി സംഭവങ്ങൾ നടന്ന ദിനമാണ് ആശൂറാഅ് ദിനം. മൂസാനബി(അ)യെയും അനുയായികളെയും അഹങ്കാരിയായ ഫിർഔന്റെ അതിക്രമങ്ങളിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തിയത് മുഹറം പത്തിനായിരുന്നു.

മഹാപ്രളയത്തിനു ശേഷം നൂഹ്നബി(അ)യുടെ കപ്പൽ ജൂദിയ്യ് പർവ്വതത്തിൽ നങ്കൂരമിട്ടതും ഇബ്റാഹീംനബി(അ)യെ നംറൂദിന്റെ ഭീകരമായ തീകുണ്ഡാരത്തിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തിയതും ഭൂമി, ആകാശം, നക്ഷത്രങ്ങൾ, അർശ്, കുർസിയ്യ് എന്നിവയെയും മലകുകളിൽ പ്രധാനികളായ ജിബ്‌രീലിനെയും മറ്റു മാലാഖമാരെയും അല്ലാഹു സൃഷ്ടിച്ചതുമെല്ലാം ആശൂറാഅ് ദിനത്തിലായിരുന്നുവെന്ന് ചില ചരിത്രനിവേദനങ്ങളിലുണ്ട്. ഹിജ്റ 61 ൽ കർബലയിൽ ഹുസൈൻ(റ) രക്തസാക്ഷിയായതും മുഹറം പത്തിനായിരുന്നു.

## ഹിജ്റ മാസങ്ങൾ

1. മുഹറം
2. സ്വഫർ
3. റബീഉൽ അവ്വൽ
4. റബീഉൽ ആഖിർ
5. ജമാദുൽ ഊലാ
6. ജമാദുൽ ഉഖ്റാ
7. റജബ്
8. ശഅ്ബാൻ
9. റമളാൻ
10. ശവ്വാൽ
11. ദുൽഖഅ്ദ
12. ദുൽഹിജ്ജ

റൈഹാൻ

സമസ്ത ചരിത്രം - 30

# അലനല്ലൂർ അബ്ദുല്ല മുസ്‌ലിയാർ



**രാ**വിലെത്തന്നെ കുളിച്ച് നല്ല വസ്ത്രങ്ങളണിഞ്ഞ് ഭംഗിയിൽ തലപ്പാവ് വെക്കും. കണ്ടാൽ തോന്നും ഉസ്താദ് എങ്ങോട്ടോ പുറപ്പെടാനുള്ള തയ്യാറെടുപ്പാണെന്ന്. എന്നാൽ, ഉസ്താദ് പുറത്തേക്കൊന്നും പോകില്ല. നേരെ ക്ലാസ്റൂമിലെത്തും. കൃത്യസമയത്ത് ക്ലാസ് തുടങ്ങും. എം എം അബ്ദുല്ല മുസ്‌ലിയാർ അലനല്ലൂർ എന്ന മഹാപണ്ഡിതനെക്കുറിച്ച് ഓർക്കുമ്പോൾ ശിഷ്യരുടെ മനസ്സിൽ തെളിയുന്നത് ഈ രൂപമാണ്. വൃത്തിയും ചിട്ടയും കൃത്യനിഷ്ഠയും വിനയവും ഉസ്താദിന്റെ മുഖമുദ്രയായിരുന്നു.

മേക്കാടൻ മൊയ്തു മുസ്‌ലിയാർ എന്ന പണ്ഡിതന്റെ മകനാണ് അബ്ദുല്ല മുസ്‌ലിയാർ. പ്രാഥമിക പഠനം പിതാവിന്നടുക്കൽ തന്നെയായിരുന്നു. പിന്നെ അബ്ദുറഹ്മാൻ ഫള്ഫരി എന്ന കുട്ടി മുസ്‌ലിയാരുടെ ദർസിൽ ചേർന്നു. അറബിസാഹിത്യത്തിലും രചനാശേഷിയിലും പ്രഗത്ഭനായ ഫള്ഫരിയുടെ അധ്യാപനവും ശിക്ഷണവും അബ്ദുല്ല മുസ്‌ലിയാരുടെ അകവും പുറവും അലംകൃതമാക്കി. താഴെക്കോട് കുഞ്ഞലവി മുസ്



ലിയാരുടെ ദർസിലും കുറഞ്ഞ കാലം പഠിച്ചിട്ടുണ്ട്. 1963ൽ വെല്ലൂർ ബാഖിയാത്തു സ്വാലിഹാത്തിൽ നിന്ന് ബിരുദം നേടി. ഒന്നാം റാങ്കോടെയാണ് പാസായത്. തുടർന്ന് ആലിപ്പറമ്പിൽ മുദരിസായി. അവിടെനിന്നു പൊന്നാനിയിലേക്ക് മാറി. അവിടെ ദീർഘകാലം മുദരിസായി സേവനമനുഷ്ഠിച്ചു. എടരിക്കോട്ടും ഉസ്താദ് മുദരിസായിട്ടുണ്ട്. പൊന്നാനിയിൽ നിന്നാണ് 1984ൽ കാരന്തൂർ മർകസിലെത്തുന്നത്. പിന്നെ മരണംവരെ നീണ്ട 27 വർഷം മർകസിൽ മുദരിസായിരുന്നു.

തലയെടുപ്പുള്ള പണ്ഡിതനായിരുന്നു അബ്ദുല്ല മുസ്‌ലിയാർ. മിക്ക വിഷയങ്ങളിലും അഗാധ പാണ്ഡിത്യമുണ്ടായിരുന്നു. എന്നാലും, ഓരോ ക്ലാസിനും പ്രത്യേകം തയ്യാറെടുക്കാറുണ്ടായിരുന്നു. എല്ലാ കാര്യങ്ങളിലും കൃത്യനിഷ്ഠ പാലിക്കണമെന്ന് ഉസ്താദ് നിർബന്ധം പിടിച്ചിരുന്നു. സംസാരത്തിലും സഹവാസത്തിലും എല്ലാവർക്കും മാതൃകയായിരുന്നു ഉസ്താദിന്റെ രീതികൾ. ഒരാളെയും വെറുപ്പിച്ചിരുന്നില്ല. ഏതു പ്രതിസന്ധിയിലും ആത്മസംയമനം പാലിക്കാൻ അപാരമായ കഴിവ് തന്നെ ഉണ്ടായിരുന്നു. വിദ്യാർത്ഥികളോടോ മറ്റാരോടെങ്കിലുമോ ഒരിക്കലും ദേഷ്യത്തോടെ സംസാരിച്ചിരുന്നില്ല. എല്ലാ നിലക്കും വിദ്യാർത്ഥികൾക്കു മാതൃകയായിരുന്നു ഉസ്താദിന്റെ സമീപനങ്ങൾ.

ഉസ്താദിന്റെ ഒരു നോട്ടം മതിയായിരുന്നത്രെ ശിഷ്യരെ അനുസരിപ്പിക്കാൻ! ഒന്നും കൽപ്പിക്കേണ്ടിവന്നില്ലായിരുന്നത്രെ. മഹത്തായ ഇത്തരം കഴിവുകൾ പരിഗണിച്ചുകൊണ്ട് ‘ശൈഖുൽ അദബ്’ എന്ന് ഉസ്താദിനെ വിശേഷിപ്പിക്കാ

റുണ്ടായിരുന്നു.

നിർമ്മലമായിരുന്നു ഉസ്താദിന്റെ ഹൃദയം. ശിഷ്യരുടെ പ്രയാസങ്ങൾ കാണുമ്പോൾ അതലിയും. സ്നേഹത്തോടെയും വാത്സല്യത്തോടെയുമായിരുന്നു ഓരോ വിദ്യാർത്ഥിയോടുമുള്ള ഇടപെടലുകൾ. കുടുംബത്തോട് ഏറെ അടുപ്പം പുലർത്തിയിരുന്നു. പെൺമക്കളോട് കൂടുതൽ കാരുണ്യം കാണിച്ചിരുന്നു. മറ്റുള്ളവരെ കാണുമ്പോൾ ഉസ്താദ് സംസാരിച്ചിരുന്നത് മതപരമായ കാര്യങ്ങളെക്കുറിച്ചായിരുന്നു. ഭൗതികകാര്യങ്ങളെക്കുറിച്ചുള്ള സംസാരം അപൂർവ്വമായിരുന്നു. അധ്യാപനമായിരുന്നു ഏറ്റവും ഇഷ്ടപ്പെട്ട പ്രവൃത്തി. രോഗിയായപ്പോൾ അധ്യാപനം മുടങ്ങിപ്പോകുന്നതിലായിരുന്നു സങ്കടം.

സമസ്ത കേന്ദ്ര മുശാവറ അംഗമായിരുന്ന ഉസ്താദ് സംഘടനാ പ്രവർത്തനങ്ങളെ എപ്പോഴും പ്രോത്സാഹിപ്പിച്ചിരുന്നു. കാരന്തൂർ മർകസ് മുദരിസ്, പാലക്കാട് ജില്ലാ ഖാളി എന്നീ പദവിയിലിരിക്കെയാണ് മരണം സംഭവിച്ചത്. 2011 ആഗസ്റ്റ് 25ന് (1432 റമളാൻ 25 വ്യാഴം) അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞു. അലനല്ലൂർ ജുമാമസ്ജിദിന്റെ ചാരത്ത് അന്ത്യവിശ്രമം കൊള്ളുന്നു.

## വി ഡി സതീശൻ മുഖ്യമന്ത്രി



വടശ്ശേരി ദാമോദരൻ സതീശൻ 1964 മെയ് 31ന് എറണാകുളം ജില്ലയിലെ നെട്ടൂരിൽ ജനിച്ചു. പനങ്ങാട് ഹൈസ്കൂളിൽ പ്രാഥമിക പഠനം. തേവര സെന്റ് ഹാർട്ട്സ് കോളേജിൽ നിന്ന് ബിരുദം, രാജഗിരി കോളേജിൽ നിന്ന് സോഷ്യൽവർക്കിൽ ബിരുദാനന്തര ബിരുദം. തിരുവനന്തപുരം ലോ അക്കാദമിയിൽ നിന്ന് എൽ.എൽ.ബി, ഗവൺമെന്റ് ലോ കോളേജിൽ നിന്ന് എൽ.എൽ.എം പാസായി.

കെ.എസ്.യു വഴി രാഷ്ട്രീയത്തിലേക്ക്. 1996 ൽ പറവൂർ മണ്ഡലത്തിൽ നിന്ന് നിയമസഭയിലേക്ക് മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. 2001 ൽ ഇതേ മണ്ഡലത്തിൽ നിന്ന് വിജയിച്ച് ആദ്യമായി നിയമസഭയിലെത്തി. പിന്നീട് തുടർച്ചയായി ആറുതവണ പറവൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭാംഗമായി. 2021 ൽ പ്രതിപക്ഷനേതാവായി. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് വൻവിജയം നേടിയതിനെത്തുടർന്ന്, കേരളത്തിന്റെ പതിമൂന്നാമത് മുഖ്യമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു.

മുർതള സിടി കുമരംപുത്തൂർ

# അറിവിന്റെ മഹത്വം

ലോകം കണ്ട നിസ്തുല പണ്ഡിതപ്രതിഭയാണ് ഇമാം ശാഫിഈ(റ). വിജ്ഞാനം തേടിയുള്ള ചർച്ചകളും സംവാദങ്ങളുമായി എപ്പോഴും തിരക്കിലായിരുന്നു മഹാൻ. ഒരിക്കൽ ശിഷ്യന്മാരോടൊപ്പം ഗൗരവമുള്ള ഒരു വിഷയത്തിൽ ചർച്ച നടത്തുകയായിരുന്നു ഇമാം. അപ്പോഴാണ് മുഷിഞ്ഞ വസ്ത്രം ധരിച്ച ഒരു മനുഷ്യൻ അതുവഴി വന്നത്.

അദ്ദേഹത്തെ കണ്ടതും ഇമാം ശാഫിഈ(റ) ആദരവോടെ എഴുന്നേറ്റുനിന്നു. സദസ്സിലുണ്ടായിരുന്നവരെല്ലാം അത്ഭുതപ്പെട്ടു. കാരണം, വലിയ ഭരണാധികാരികൾ പോലും സദസ്സിലേക്ക് വരുമ്പോൾ ഇത്രയധികം ആദരവോ പരിഗണനയോ ഇമാം പ്രകടിപ്പിച്ചു കണ്ടിട്ടില്ല.

ഇമാം ആഗതനെ അരികിൽ പിടിച്ചിരുത്തി വളരെ സ്നേഹത്തോടെ വിശേഷങ്ങൾ തിരക്കി. ഇമാമിനോടൊപ്പം അല്പസമയം ചെലവഴിച്ച് അദ്ദേഹം യാത്ര പറഞ്ഞു പോയപ്പോൾ ശിഷ്യന്മാർ ആകാംക്ഷയോടെ ചോദിച്ചു: 'ഗുരുവര്യരേ, ആരാണദ്ദേഹം? അങ്ങെന്തിനാണദ്ദേഹത്തെ ഇത്രയേറെ ആദരിച്ചത്?'

ഇമാം ശാഫിഈ(റ) പുഞ്ചിരിയോടെ മറുപടി നൽകി: 'നിങ്ങൾക്കദ്ദേഹം ഒരു സാധാരണ മനുഷ്യനായിരിക്കാം. എന്നാൽ, എനിക്കദ്ദേഹം ഗുരുനാഥനാണ്. പ്രായപൂർത്തിയായ നായകളെ എങ്ങനെ തിരിച്ചറിയാമെന്ന് എനിക്ക് പറഞ്ഞുതന്നത് അദ്ദേഹമാണ്. ആ അറിവ് നൽകിയയാൾ എന്ന നിലയിൽ എനിക്കദ്ദേഹം ഗുരുതുല്യനാണ്.'

# എടുത്തുചാട്ടത്തിന്റെ ഫലം







ഹാവൂ! വയറു നിറഞ്ഞു. ഇനി സ്ഥലം വിടാം.
ങേ! ഹയ്യോ, കുടുങ്ങിപ്പോയല്ലോ.
അപ്പോഴാണ് മറ്റൊരു കുറുക്കൻ അതുവഴി വന്നത്.
ഏയ്, ചങ്ങാതീ, എന്നെ ഒന്ന് രക്ഷിക്കൂ.
ഹിഹി! വരുംവരായ്കകൾ നോക്കാതെ എടുത്തുചാടിയാൽ ഇതുതന്നെ ഫലം.
ഇനി രണ്ടുദിവസം പട്ടിണി കിടന്നോളൂ. വയറു കുറയുമ്പോൾ പുറത്തിറങ്ങാം.
കഷ്ടം! ആട്ടിടയൻ വന്നാൽ തീർന്നതു തന്നെ!

പട്ടണക്കാട് അബ്ദുൽഖാദർ

# കുതിരയുടെ ഭയം

**മാ**സിഡോണിയയിലെ രാജാവായിരുന്നു ഫിലിപ്പ് രണ്ടാമൻ. ഒരിക്കൽ കൊട്ടാരത്തിൽ ഒരു കുതിരയെ വില്പനക്കായി കൊണ്ടുവന്നു. ഒത്ത ലക്ഷണമുള്ള കുതിര തന്നെ! രാജാവിന് കുതിരയോട് താല്പര്യമായി. എന്നാൽ, കുതിര ആരുടെ മുന്നിലും മെരുങ്ങുന്നില്ല.

‘ഈ കുതിരയെ വാങ്ങിയിട്ട് ഒരു കാര്യവുമില്ല!’ രാജാവ് നിരാശനായി.

‘പിതാവേ, ഈ കുതിരയെ വാങ്ങണം. ഞാൻ മെരുക്കാം.’ ഇതെല്ലാം ശ്രദ്ധിച്ചുനോക്കിനിന്ന അലക്സാണ്ടർ രാജകുമാരൻ പറഞ്ഞു.

വിദഗ്ധർക്കൊന്നും മെരുക്കാൻ കഴിയാത്ത കുതിരയെ കേവലം പതിമൂന്നു വയസ്സുള്ള രാജകുമാരൻ മെരുക്കുമെന്നോ? പലർക്കും അത് തമാശയായാണ് തോന്നിയത്.

രാജാവിന്റെ സമ്മതത്തോടെ രാജകുമാരൻ ഒരു മുഖാവരണം കുതിരയെ ധരിപ്പിച്ചു. എല്ലാവരും ഉറ്റുനോക്കിനിൽക്കെ കുതിരപ്പുറത്ത് ചാടിക്കയറി കടിഞ്ഞാൺ വലിച്ചു. കുതിര ശാന്തനായി ഓ



ടാൻ തുടങ്ങി. ഉദ്യാനത്തിലൂടെ അല്പനേരം ചുറ്റിയ ശേഷം പുറപ്പെട്ട സ്ഥാനത്തു തന്നെ കുതിരയെ കൊണ്ടുവന്നു നിറുത്തി. കാണികൾക്ക് അത്ഭുതമായി. സന്തോഷസൂചകമായി പെരുമ്പറ മുഴങ്ങി. രാജകുമാരനെ അഭിനന്ദിച്ചുകൊണ്ട് എങ്ങും കൈയടികൾ ഉയർന്നു. രാജാവ്



ആഹ്ലാദത്തോടെ അവനെ കെട്ടിപ്പിടിച്ചു. വലിയ വില കൊടുത്ത് രാജാവ് കുതിരയെ സ്വന്തമാക്കി.

'മോനേ, നീയെങ്ങനെയാണ് ഈ കുതിരയെ മെരുക്കിയത്?' രാജാവ് ചോദിച്ചു.

'പിതാവേ, കുതിര സ്വന്തം നിഴലിനെ ഭയപ്പെട്ടു നിൽക്കുകയായിരുന്നു. അതിനു പുറത്തു കയറാൻ ശ്രമിക്കുമ്പോൾ നിഴൽ തന്നെ ഉപദ്രവിക്കുവാൻ തുനിയുകയാണെന്ന് കുതിര കരുതി. അപ്പോഴാണത് വിറളി പിടിച്ചത്. മുഖം മൂടി ധരിച്ചപ്പോൾ കുതിരക്ക് തന്റെ നിഴൽ കാണാതായി. കുതിരയുടെ ഭയവും മാറി. മുന്നിലേക്കു മാത്രം കാണാൻ കഴിയുന്ന കുതിരയുടെ പുറത്തു കയറി സവാരി ചെയ്യാൻ പിന്നെ ഭയപ്പെടേണ്ട കാര്യമില്ലല്ലോ!' രാജകുമാരൻ മറുപടി നൽകി. മകന്റെ നിരീക്ഷണപാടവത്തിൽ രാജാവ് വിസ്മയിച്ചു.

പിൽക്കാലത്ത് വിഖ്യാതനായ അലക്സാണ്ടർ ചക്രവർത്തിയുടെ വിജയയാത്രയിൽ ഈ കുതിരയുടെ സേവനങ്ങൾ വളരെ വലുതായിരുന്നു.

അൻവർ കാരേപറമ്പ്

ബീവി ഖദീജ(റ)
ചരിത്രം - 9

# മക്കയിലെ പ്രകാശ താരകം

ഒരു ദിവസം അൽഅമീൻ വീട്ടിലെത്തിയപ്പോൾ പരിഭ്രമം കാരണം വല്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു.

'ഖദീജാ!' എന്നു വിളിച്ചുകൊണ്ടായിരുന്നു വരവ്.

## ആദ്യ വിശ്വസി

'എന്തുപറ്റി പ്രിയനേ?' വിളിയുടെ ദയനീയതയിൽ ഖദീജ(റ)യുടെ ഹൃദയം നുറുങ്ങിപ്പോയിരുന്നു.

'എന്നെയൊന്ന് പുതപ്പിട്ടു മൂടൂ.' അൽഅമീന്റെ ശബ്ദം ഇടറിയിരുന്നു.

എന്തുപറ്റി? എന്തിനാണ് കിതയ്ക്കുന്നത്? ആരാണ് ആക്രമിച്ചത്? നൂറുകൂട്ടം ചോദ്യങ്ങൾ മനസ്സിലുണ്ടായിരുന്നെങ്കിലും, ഒന്നും ചോദിച്ചില്ല. പുതപ്പിട്ടു മൂടി. നിലത്തു കിടത്തി. ഹൃദയമിടിപ്പിന്റെ താളം ഖദീജ(റ)ക്ക് നന്നായി കേൾക്കാം. ഖദീജ അടുത്തു തന്നെയിരുന്നു മെല്ലെ തടവിക്കൊടുത്തു. പതിയെ അൽഅമീന്റെ വിറയൽ ശമിച്ചു. മനസ്സമാധാനത്തോടെ സംസാരിക്കാമെന്നായി. മുഷിപ്പ് തോന്നാത്ത വിധം ഖദീജ ചോദിച്ചു: 'പ്രിയനേ, എന്തുപറ്റി?'

പറയാൻ ഒരുപാട് കാര്യങ്ങൾ അൽഅമീനുണ്ടായിരുന്നു. 'സഖീ, ഞാൻ ഹിറാഗുഹയിൽ തനിച്ചിരിക്കുമ്പോൾ ഒരാൾ വന്നു; ഭീമാകാരൻ! അയാൾ എന്നോട്



പറഞ്ഞു: 'വായിക്കൂ!' ഞാൻ വായിക്കാറില്ലെന്ന് മറുപടി പറഞ്ഞു. അപ്പോൾ അയാളെന്നെ പിടിച്ചുമുറുക്കി. ശക്തമായ ആ ആലിംഗനത്തിൽ ഞാൻ ഞെരുങ്ങിപ്പോയി! വീണ്ടും വായിക്കാൻ പറഞ്ഞു. ഞാൻ മറുപടി ആവർത്തിച്ചു. വീണ്ടും ഞെരുക്കി. ശരീരം നുറുങ്ങുന്നതു പോലെ! വീണ്ടും വായിക്കാനാവശ്യപ്പെട്ടു.

അൽഅമീൻ തുടർന്നു: 'പിന്നെ, അയാൾ ചില വാക്യങ്ങൾ ഓതിക്കേൾപ്പിച്ചു. അത്രയും ഗാംഭീര്യമേറിയ വാക്കുകൾ ഞാനിതുവരെ കേട്ടിട്ടില്ല. ഞാനാകെ ഭയന്നുപോയി. അവിടെനിന്ന് എഴുന്നേറ്റ് ഓടി. ഒരുവിധം സാഹസപ്പെട്ടാണിവിടെയെത്തിയത്.'



കഥകേട്ട് ഖദീജ (റ)യുടെ ഉള്ളൊന്ന് കാളി. ഒരാപത്തും വരാതിരിക്കാൻ താൻ ഏറെ ശ്രദ്ധിച്ചതാണ്. 'ഞാനില്ലാത്ത സമയം അത് സംഭവിച്ചല്ലോ' എന്നാണവരുടെ മനസ്സിൽ.

അവർ അൽഅമീനെ വാരിപ്പുണർന്ന് ആശ്വസിപ്പിച്ചു: 'പ്രിയനേ, എന്തിന് പേടിക്കണം? നിങ്ങളെ അല്ലാഹു ഒരിക്കലും പ്രയാസപ്പെടുത്തില്ല. നിങ്ങൾ കുടുംബബന്ധം ചേർക്കുന്നു, പ്രയാസങ്ങൾ സഹിക്കുന്നു, പാവങ്ങളെ സഹായിക്കുന്നു, ആരെയും ഉപദ്രവിക്കുന്നില്ല. ഉറപ്പ്! നിങ്ങളെ അല്ലാഹു കൈവിടില്ല.'

അൽഅമീന് സമാധാനമായി. സ്നേഹനിധിയായ ഭാര്യ പ്രതിസന്ധികളിൽ കൂടെ നിൽക്കുന്നത് ഏത് ഭർത്താവിനും സമാധാനം നൽകുമല്ലോ.

പ്രിയതമനെയും കൂട്ടി ഖദീജ(റ) വറഖയുടെ സമീപമെത്തി. അവിടെയാണല്ലോ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം കയറിച്ചെല്ലാറുള്ളത്. വറഖയോട് കാര്യങ്ങൾ പറഞ്ഞു. വറഖക്ക് സംഗതി പിടികിട്ടി. ഇത് പ്രവാചകനിയോഗം തന്നെ!



'അൽഅമീൻ, പേടി ക്കേണ്ട. ഇത് പ്രവാചകൻ മൂസായുടെ അടുത്തെത്തിയ നാമൂസാണ്. സമൂഹം പിറ ന്നമണ്ണിൽ നിന്ന് നിന്നെ പുറത്താക്കുമ്പോൾ ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ നിന്നെ സഹായിക്കുമായിരുന്നു.'

ആ വാക്കുകൾ അൽഅ മീനെ ഞെട്ടിച്ചു: 'എന്റെ നാട്ടുകാർ എന്നെ പുറത്താക്കു കയോ? അവരെന്നെ എത്രമാ ത്രം സ്നേഹത്തോടെയാണ് കാണുന്നത്!'

വറഖയുടെ വാക്കുകൾ ദൃഢമായിരുന്നു: 'അതേ, അൽഅമീൻ. നിന്നെയവർ സ്നേഹിക്കുന്നു, ബഹുമാനി ക്കുന്നു. പക്ഷേ, നീ പറയുന്ന ആശയം ആരും ഇതുവരെ പറഞ്ഞിട്ടില്ല. അതവരെ ചൊടിപ്പിക്കും, നിന്റെ ശത്രു ക്കളാക്കും; തളരരുത്. പരീ ക്ഷണങ്ങളാണവ; തകരരുത്. ധീരമായി മുന്നോട്ട് പോവുക.'

വറഖയുടെ വാക്കുകൾ നെഞ്ചിൽ തീ കോരിയിട്ടു.

ഖദീജ(റ)യുടെ മനസ്സ് സന്തോഷം കൊണ്ട് തുടി ക്കുകയാണ്. താനിപ്പോൾ പ്രവാചകപത്നിയാണ്. പ്രവാ ചകരെ സംരക്ഷിക്കേണ്ടവൾ. സന്തോഷിക്കുന്നതോടൊപ്പം വറഖയുടെ പ്രവചനത്തെക്കു റിച്ചും അവർ ഓർത്തു. 'സമൂ ഹം ശത്രുക്കളാകും.' 'ഇല്ല, ഞാനൊരിക്കലും ആ സമൂഹ ത്തിൽ പെടില്ല. എന്റെ ജീവ

നുള്ളിടത്തോളം അൽഅമീന് ഒന്നും സംഭവിക്കില്ല.'

തന്നെ ഏറെ സഹായിച്ച മൈസറ കൂടെയില്ലാത്തത് ഖദീജ(റ)യെ ദുഃഖിപ്പിച്ചു. 'പാവം! പ്രവാചകപദവിയിലേക്കെത്തുന്ന അൽഅമീനിൽ ആദ്യം വിശ്വസിക്കണമെന്ന് മനസ്സിൽ സ്വപ്നം കണ്ട് നടന്നവനാണ്. സാരമില്ല മൈസറാ, പ്രവാചകനിയോഗത്തിനു മുമ്പേ വിശ്വസിക്കാൻ ഭാഗ്യം ലഭിച്ചവനാണ് നീ. ആ വിശ്വാസം തന്നെ നിനക്ക് രക്ഷയാകും.'

ഒരു ദിവസം അൽഅമീൻ വന്നത് പതിവിലും സന്തോഷവാനായിട്ടാണ്. വികാരങ്ങളും വിചാരങ്ങളും ആ മുഖത്ത് വ്യക്തമായി പ്രതിഫലിക്കാറുണ്ടല്ലോ. ഖദീജ(റ)ക്കത് കൃത്യമായി അറിയാം.

'ഖദീജാ, ഇന്നൊരു വിശേഷമുണ്ട്.'

'എന്താണ്?'

'ഇന്ന് ജിബ്‌രീൽ വന്നപ്പോൾ പുതിയൊരു കാര്യം പഠിപ്പിച്ചു. ഞാൻ അല്ലാഹുവിന്റെ പ്രവാചകനാണെന്ന് ആണയിട്ടു പറഞ്ഞു. ഈ ഭൂമിയിലെ മനുഷ്യരെയും ജിന്നുകളെയും സത്യസരണിയിലേക്ക് ക്ഷണിക്കാനുള്ള ദൂതനാണ് ഞാൻ.'

ഖദീജ(റ)യുടെ മനസ്സ് ആവേശത്തിലായി. താൻ കണ്ട സ്വപ്നങ്ങൾ ഓരോന്നായി പുലരുകയാണ്. ഇതാ താനിപ്പോൾ പ്രവാചകപത്നിയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു! അവർ ഉച്ചത്തിൽത്തന്നെ ചൊല്ലി: 'അശ്ഹദു അൻ ലാ ഇലാഹ ഇല്ലല്ലാഹ്, വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്!'

ഇസ്‌ലാമിലെ ആദ്യ വിശ്വാസി എന്ന കിരീടം മഹതിയുടെ ശിരസ്സിലെത്തിയിരിക്കുന്നു.

'പ്രിയപ്പെട്ടവളേ, മറ്റൊന്നു കൂടിയുണ്ട്; നിസ്കാരം. അതു കൂടി ജിബ്‌രീൽ പഠിപ്പിച്ചുതന്നു.'

'അതെങ്ങനെയാണ്? എന്നെയും പഠിപ്പിക്കൂ.' ഖദീജക്ക് ആവേശമായി.

ഖദീജ(റ)യുടെ കൈപിടിച്ച് മുത്തുനബി(സ) സംസം കിണറിനടുത്തെത്തി. അംഗസ്നാന രൂപം കാണിച്ചുകൊടുത്തു. ഖദീജ(റയും അതുപോലെ ചെയ്തു. ശേഷം ജിബ്‌രീലുമൊത്ത് നിസ്കരിച്ചതു പോലെ നബി ഖദീജ(റ)ക്ക് ഇമാമായി നിസ്കരിച്ചു. ആദ്യ വിശ്വാസി എന്നതോടൊപ്പം വിശ്വാസികളിൽ ആദ്യം വുളൂഅ് ചെയ്തതും നിസ്കരിച്ചതും ഖദീജ (റ) തന്നെ!

(തുടരും)

# ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. കേരളത്തിന്റെ പതിമൂന്നാമത് മുഖ്യമന്ത്രി?

2. ടിപ്പുസുൽത്താൻ വധിക്കപ്പെട്ട വർഷം?

3. പതിനാറാം കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ റെക്കോർഡ് ഭൂരിപക്ഷം നേടിയ സ്ഥാനാർത്ഥി?

4. കേരള നിയമസഭയിൽ കൂടുതൽ കാലം എംഎൽഎയായ റെക്കോർഡ് ആരുടെ പേരിൽ?

5. തമിഴ്നാടിന്റെ പുതിയ മുഖ്യമന്ത്രി?

6. ടിവികെയുടെ പൂർണ്ണരൂപം?

7. ഈയിടെ ഒപെക് കൂട്ടായ്മയിൽ നിന്ന് പിന്മാറിയ രാജ്യം?

8. ലോകത്തെ ആദ്യ പുകയില വിമുക്ത രാജ്യം?

9. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ അവയവമാറ്റ ശാസ്ത്രക്രിയ ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വരുന്നതെവിടെ?

10. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പുതിയ പ്രസിഡന്റ്?

11. മലയാള അക്ഷരങ്ങൾ അച്ചടിയിൽ പതിഞ്ഞ ആദ്യത്തെ പുസ്തകം?

12. താപത്തെക്കുറിച്ചുള്ള പഠനശാഖ?

13. ഏറ്റവും കൂടുതൽ വ്യാപ്തിയുള്ള ഭൗമപാളി?

14. ആപ്പിളിന്റെ പുതിയ സിഇഒ?

15. യുനെസ്കോ 2027 ലെ പുസ്തക തലസ്ഥാനമായി തെരഞ്ഞെടുത്ത കൊളംബിയൻ നഗരം?

16. കായികരംഗത്തെ ഓസ്കാർ എന്ന് വിശേഷിപ്പിക്കപ്പെടുന്നത്?

17. നീതി ആയോഗിന്റെ





1. വി ഡി സതീഷൻ, 2. പി കെ കുഞ്ഞാലിക്കുട്ടി, 3. ജോസഫ് വിജയ്, 4. അശോക് കുമാർ ലാഹിരി, 5. പിണറായി വിജയൻ

പുതിയ വൈസ് ചെയർമാൻ?

18. രാജ്യാന്തര ടി20 ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ റൺസ് നേടുന്ന ഇന്ത്യൻ ക്രിക്കറ്റർ എന്ന റെക്കോർഡ് നേടിയ വനി




താ താരം?

19. നാലാമത് ഇന്ത്യ ആഫ്രിക്ക ഫോറം സമ്മിറ്റിന് ആതിഥ്യം വഹിക്കുന്ന നഗരം?

20. ഈയിടെ റാംസർ സൈറ്റിൽ ഇടം പിടിച്ച അലിഗഢിലെ പക്ഷി സങ്കേതം?

21. ഈയിടെ സജീവമായ സാന്റിയാഗിറ്റോ അഗ്നിപർവ്വതം സ്ഥിതി ചെയ്യുന്നതെവിടെ?

22. ഇനിയും മരിക്കാത്ത ഭൂമീ, നിൻ ആസന്നമൃതിയിൽ നിനക്കാത്മശാന്തി ആരുടെ വരികൾ?

23. നിപ വൈറസ് ആദ്യമായി റിപ്പോർട്ട് ചെയ്ത രാജ്യം?

24. ഒരു രൂപ എത്ര അണയായിരുന്നു?

25. കേരളത്തിന്റെ പുതിയ പ്രതിപക്ഷ നേതാവ്?

**ഉത്തരങ്ങൾ**

1. വി ഡി സതീശൻ 2. 1799, 3. പി കെ കുഞ്ഞാലിക്കുട്ടി, 4. ഉമ്മൻചാണ്ടി, 5. ജോസഫ് വിജയ്, 6. തമിഴക വെട്രി കഴകം, 7. യുഎഇ, 8. ഭൂട്ടാൻ, 9. കോഴിക്കോട്, 10. വി പി സാനു, 11. ഹോർത്തൂസ് മലബാറിക്കസ്, 12. തെർമോഡൈനാമിക്സ്, 13. മാന്റിൽ, 14. ജോൺ ടെർണസ്, 15. മെഡലിൻ, 16. ലോറസ് വേൾഡ് അവാർഡ്, 17. അശോക് കുമാർ ലാഹിരി, 18. സ്മൃതി മന്ഥാന, 19. ന്യൂഡൽഹി, 20. ശൈഖ ജീൽ, 21. ഗ്വാട്ടിമല, 22. ഒഎൻവി, 23. മലേഷ്യ, 24. 16 അണ, 25. പിണറായി വിജയൻ

നോവൽ – 31

മുജ്തബ നസ്വീഹ്

# തിരിച്ചറിവിന്റെ നിമിഷങ്ങൾ

# അബൂട്ടി

‘ഇല്ല; പ്രശ്നങ്ങളൊന്നുമില്ല. പേഷ്യന്റ് സുബോധത്തിലേക്ക് തിരിച്ചുവരികയാണ്.’ മാമനെ വിശദമായൊന്നു പരിശോധിച്ച ശേഷം ഡോക്ടർ അബൂട്ടി പറഞ്ഞു. പെട്ടെന്ന് കണ്ണു തുറന്ന് ഒന്നു ഞെളിപിരികൊണ്ടപ്പോൾ സിസ്റ്റർ വെപ്രാളപ്പെട്ടു വിളിച്ചതായിരുന്നു ഡോക്ടറെ. അബൂട്ടി മാമന്റെ മുഖത്തേക്കു തന്നെ നോക്കിനിന്നു. മാമനെന്നെ തിരിച്ചറിയുമോ? തിരിച്ചറിഞ്ഞാൽ എങ്ങനെയായിരിക്കും പ്രതികരിക്കുക?

വേണ്ട! ഇപ്പോൾ തിരിച്ചറിയാതിരിക്കുന്നതാണു നല്ലത്. അതൊരു ഷോക്കായി മാറരുതല്ലോ. അബൂട്ടി മാസ്ക് ഒന്നുകൂടി ശരിയാക്കിയിട്ട് അല്പം മാറി നിന്നു.

അപ്പോഴാണ് ഒരു സിസ്റ്റർ പുറത്തുനിന്നു വന്നത്. അവർ ചോദിച്ചു: ‘ഈ പേഷ്യന്റ് സാറിന്റെ ബന്ധുവാരെങ്കിലുമാണോ?’

‘അതെന്താ അങ്ങനെ ചോദിക്കാൻ?’

‘ഒന്നുമില്ല, ഒരു സംശയം. ഞാനിങ്ങോട്ട് വരുമ്പോൾ ഡോറിനടുത്തു നിൽക്കുന്ന ബന്ധുക്കൾ ഡോക്ടറുടെ പേര് ചോദിച്ചു. ഞാൻ പേരു പറഞ്ഞപ്പോൾ അവർ മുഖത്തോടു മുഖം നോക്കി തരിച്ചുനിൽക്കുന്നത് കണ്ടു. അതുകൊണ്ട് ചോദിച്ചതാ.’

സിസ്റ്ററുടെ വാക്കുകൾ പരിഗണിക്കാതെ അബൂട്ടി രോഗിയുടെ കേസ്ഷീറ്റ് മറിച്ചുനോക്കിക്കൊണ്ടിരുന്നു. അപ്പോൾ മനസ്സിൽ വീണ്ടും വിചാരങ്ങൾ കുമിഞ്ഞുകൂ



ടുകയാണ്. അവരെന്നെ തിരിച്ചറിഞ്ഞുകഴിഞ്ഞോ? എങ്കിൽ അവരെ ഇനിയെങ്ങനെയാണ് നേരിടുക? ഞാൻ നിങ്ങളുടെ വീട്ടിലെ ആടുകളെ നോക്കി വളർത്തിയിരുന്ന ഇടയച്ചെക്കനാണെന്ന് തുറന്നടിക്കുകയോ? അന്ന് മൊട്ടത്തലയിലേറ്റ കിഴുക്കിന്റെ വേദന ഇപ്പോഴുമുണ്ടെന്ന് മാമന്റെ മക്കളോട് തുറന്നുപറയുകയോ? വേണ്ട! അതൊന്നും വേണ്ട. പഴയ കഥകൾ പറഞ്ഞ് ഇനിയവരെ വേദനിപ്പിക്കേണ്ടല്ലോ. ഒരാളെയും ശാരീരികമായി മാത്രമല്ല; മാനസികമായും വേദനിപ്പിക്കരുതെന്നാണല്ലോ ഉസ്താദുമാർ പഠിപ്പിച്ചത്. വേണ്ട! ഒരു വിധത്തിലുള്ള പ്രതികാരത്തിനും തുനിയേണ്ട. സ്നേഹത്തോടെയും സഹാനുഭൂതിയോടെയും പെരുമാറണം.

ഓരോന്നാലോചിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് മാമൻ വീണ്ടും കണ്ണു

തുറന്നത്. കൃഷ്ണമണികൾ എല്ലാ ഭാഗത്തേക്കും ചലിക്കുന്നു. അപരിചിതമായ ഒരിടത്താണല്ലോ ഉള്ളത്. താൻ ഇപ്പോൾ എവിടെയാണ്, എങ്ങനെ ഇവിടെയെത്തി എന്നൊക്കെ ആലോചിക്കുകയായിരിക്കും. അങ്ങനെ ഉഴറുന്നതിനിടയിലാണ് കണ്ണുകൾ ഡ്രിപ്സിന്റെ ട്യൂബിലുടക്കിയത്. അതങ്ങനെ നീങ്ങി സ്റ്റാൻഡിൽ തൂങ്ങുന്ന ബോട്ടിലിൽ ചെന്നെത്തി. അപ്പോൾ മനസ്സിലായിക്കാണും താൻ എവിടെയാണെന്ന്.

അബൂട്ടി ആ മുഖത്തേക്കു തന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ട് മാറിനിന്നു. ഇപ്പോൾ ഒരു പാവം മനുഷ്യൻ! അന്ന് എന്തൊരു ക്രൗര്യമായിരുന്നു ആ മുഖത്ത്! കണ്ണുരുട്ടി മുഖം ചുളിച്ചേ ഈ അബൂട്ടിയുടെയും ഉമ്മയുടെയും മുഖത്തേക്ക് നോക്കാറുണ്ടായിരുന്നുള്ളൂ. കൽപ്പനകൾ അനുസരിച്ചില്ലെങ്കിൽ കൊന്നുകളയും എന്നുവരെ ഭീഷണിപ്പെടുത്തിയിരുന്നല്ലോ. ഇപ്പോൾ അങ്ങനെയുള്ള ഭാവമൊന്നുമില്ല. മരുന്നുതുള്ളികൾ ട്യൂബിലൂടെ തന്റെ ശരീരത്തിലേക്കു മെല്ലെമെല്ലെ കയറിപ്പോകുന്നത് നിസ്സഹായനായി നോക്കി



കിടക്കുകയാണ്. നാവുകൊ
ണ്ട് ചുണ്ടിൽ തടവുന്നതു
കണ്ടപ്പോൾ സിസ്റ്റർ അല്പം
വെള്ളം തൊട്ടുകൊടുക്കു
ന്നു. അത് ആർത്തിയോടെ
നുണഞ്ഞിറക്കുകയാണ്
മാമൻ! ഇത്രയേയു
ള്ളൂ മനുഷ്യന്റെ
കാര്യം. എല്ലാ
അഹന്തയും
അഹങ്കാരവും
പത്തി മടക്കാൻ
ഒരു രോഗം
വന്നാൽ മതി.



രോഗി ഒരു
വിധം നോർമൽ
കണ്ടീഷനിലെ
ത്തിയപ്പോൾ സി
സ്റ്ററോട് പറഞ്ഞു:
'ഇനി വേണമെ
ങ്കിൽ ബന്ധുക്ക
ളിൽ ഒരാൾക്ക്
വന്നു കാ
ണാൻ അനു
വാദം കൊടു
ത്തേക്ക്.'

സിസ്റ്റർ
പോയി
പറയേണ്ട
താമസം മാമി
കുതിച്ചെത്തി
യിരിക്കുന്നു,
കണ്ണീരുമാ
യി. അവർ മാമന്റെ അടു
ത്തുചെന്നു മെല്ലെ കൈ
പിടിക്കുന്നു, തലോടുന്നു,
ആശ്വാസത്തോടെ എന്തോ
മെല്ലെ പറയുന്നു. അതിനിട
യിലും അവർ മേശപ്പുറത്തേ
ക്ക് കുനിഞ്ഞ് ഫയലുകൾ
പരിശോധിക്കുന്ന തന്നെ
നോക്കുന്നുണ്ടെന്ന് അബൂ
ട്ടി മനസ്സിലാക്കി. അവർക്ക്
ഏറെക്കുറെ മനസ്സിലായി
ട്ടുണ്ടെന്ന് തോന്നുന്നു, ഈ
ഇരിക്കുന്നത് അന്നത്തെ ആ
ചെക്കനാണെന്ന്. ചെക്കാ
എന്നായിരുന്നല്ലോ അന്നവർ
തന്നെ വിളിച്ചിരുന്നത്.

മാമി പുറത്തേക്കു പോ
യപ്പോൾ അവരുടെ മക്കൾ
ഓരോരുത്തരായി വന്നു
ബെഡിനടുത്ത് അല്പസമ
യം നോക്കിനിന്നു പുറത്തേ
ക്കു പോയി. അവരും തന്നെ
ശ്രദ്ധിക്കുന്നുണ്ടായിരുന്നു
വെന്ന് മനസ്സിലായപ്പോൾ
മനസ്സിൽ ഒരു വിങ്ങൽ.
ഇനിയെന്താണുണ്ടാവുക?
എങ്ങനെയാണ് അവരുടെ
സംശയമൊന്ന് അവസാ
നിപ്പിക്കുക? മാമനെ എങ്ങ
നെയാണ് സ്വയം പരിചയ
പ്പെടുത്തുക? ഇനിയൊരു
പന്ത്രണ്ടു മണിക്കൂർ കൂടി
കഴിയുമ്പോഴേക്കും മാമൻ



**ജൂൺ 3 – സൈക്കിൾ ദിനം**

സൈക്കിൾ ഉപയോഗിക്കുന്ന
തിന്റെ ആരോഗ്യപരവും പരിസ്ഥി
തിപരവുമായ ഗുണങ്ങളെക്കുറിച്ച്
ജനങ്ങളിൽ അവബോധം വളർ
ത്തുന്നതിനായി യുണൈറ്റഡ്
നേഷൻസ് 2018 മുതൽ എല്ലാ
വർഷവും ജൂൺ 3 ലോക സൈ
ക്കിൾ ദിനമായി ആചരിക്കുന്നു.

നോർമൽകണ്ടീഷനിൽ
എത്തുമല്ലോ. അവരെപ്പോ
ലെ താനും ഇപ്പോൾ ടെൻ
ഷനിലാണെന്ന് അബൂട്ടിക്കു
മനസ്സിലായി. മനസ്സിൽ സ്വ
ലാത്തുകൾ ചൊല്ലാൻ തുട
ങ്ങി. മാനസികപ്രയാസങ്ങൾ
ഉണ്ടാകുമ്പോൾ ധാരാളം
സ്വലാത്ത് ചൊല്ലിയാൽ ശാ
ന്തി ലഭിക്കുമെന്ന് ഉസ്താദ്
പറഞ്ഞുതന്നിരുന്നല്ലോ.

ഡ്യൂട്ടി കഴിഞ്ഞ് പുറത്തേ
ക്കിറങ്ങുമ്പോൾ, ഇപ്പോഴ
വരെയാരെയും വഴിയിൽ
കാണരുതെന്നായിരുന്നു
ആഗ്രഹം. എന്നാൽ വരാന്ത
യിൽ ഇറങ്ങി അൽപദൂരം
നടന്നതേയുള്ളൂ, പിന്നിൽ
നിന്ന് 'മോനേ' എന്നൊരു
വിളി കേട്ടു. തിരിഞ്ഞുനോ
ക്കിയപ്പോൾ മാമിയാണ്.
കണ്ണീരോടെ അവർ ഓടി
വന്ന് കൈപിടിച്ചുകൊണ്ട്
പറഞ്ഞു: 'മോനേ അബൂ
ട്ട്യേ, നിക്കാദ്യം മനസ്സിലായി
ല്ലാട്ടോ. മാമനെ രക്ഷിക്കാൻ
മോനിവിടെ ഉണ്ടായല്ലോ.'

അതു കേട്ടപ്പോൾ മന
സ്സൊന്നു കുളിർത്തു.
'മോനേ' എന്ന വിളി അവ
രിൽനിന്ന് ആദ്യമായി കേൾ
ക്കുകയായിരുന്നല്ലോ. ഒന്നും
പ്രതികരിക്കാതെ അവരുടെ
മുഖത്തേക്കു നോക്കി നിന്നു.
പെട്ടെന്നവർ വിതുമ്പിക്കൊ
ണ്ടു പറഞ്ഞു: 'മോനേ, മാ
പ്പാക്കണം ട്ടോ. മോനോട്
വളരെ മോശമായാണല്ലോ
മാമനും മാമിയുമൊക്കെ
മുമ്പ് പെരുമാറിയത്. എന്നി
ട്ടിപ്പോ രക്ഷിക്കാനുണ്ടായത്
മോനാണല്ലോ.'

'സാരമില്ല മാമീ, ധൈര്യ
മായിരിക്ക്. നമ്മൾക്ക് നാളെ
കാണാം.' എന്നുപറഞ്ഞ്
അവരുടെ കൈ വിടുവിച്ച്
നടന്നകലുമ്പോൾ ഹൃദയം
പ്രകമ്പനം കൊള്ളുകയാ
യിരുന്നു. കണ്ണുകൾ നിറ
ഞ്ഞൊഴുകുന്നുണ്ടായിരുന്നു.
(തുടരും)



## ഇന്ത്യയിലെ സംസ്ഥാനങ്ങൾ 16

# ത്രിപുര

- തലസ്ഥാനം : അഗർത്തല
- വിസ്തീർണം : 10,486 ച.കി.മീ
- ജനസംഖ്യ : 36,73,917
- ജനസാന്ദ്രത : 350 / ച.കി.മീ
- സ്ത്രീപുരുഷാനുപാതം : 960/1000
- സാക്ഷരത : 87.22%
- ഭാഷ: ബംഗാളി, കൊക്ബരക്
- ലോക്സഭാ സീറ്റുകൾ : 2
- രാജ്യസഭാ സീറ്റുകൾ : 1
- അസംബ്ലി സീറ്റുകൾ : 60

## ചരിത്രം

☯ 1949 ഒക്ടോബർ 15ന് ഇന്ത്യൻ യൂണിയനിൽ ലയിച്ചു. 1956ൽ കേന്ദ്രഭരണപ്രദേശമായി.

☯ 1971 ഡിസംബർ 30ന് പാർലമെന്റ് വടക്കുകിഴക്കൻ പ്രദേശ (പുനഃസംഘടന) നിയമം പാസാക്കി. തുടർന്നു രൂപംകൊണ്ട സംസ്ഥാനങ്ങളാണ് ത്രിപുര, മിസോറം, മണിപ്പൂർ എന്നിവ.

☯ 1972 ജനുവരി 21നാണ് ത്രിപുര സംസ്ഥാനം നിലവിൽവന്നത്.

## ജില്ലകൾ (8)

1. നോർത്ത് ത്രിപുര, 2. സൗത്ത് ത്രിപുര, 3. വെസ്റ്റ് ത്രിപുര, 4. ധലായി, 5. സിപാഹിജല, 6. ഖൊവായ്, 7. ഗോമതി, 8. ഉനകോടി.

**സംസ്ഥാന പുഷ്പം : നാഗേശ്വർ**
**സംസ്ഥാന വൃക്ഷം : അഗാർ**
**സംസ്ഥാന പക്ഷി : ഗ്രീൻ ഇംപീരിയൽ പീജിയൻ**
**സംസ്ഥാന മൃഗം : ഭായ്റി കുരങ്ങ്**



അഗർത്തല



ഗ്രീൻ ഇംപീരിയൽ പീജിയൻ

**അതിർത്തികൾ**

വടക്ക്, പടിഞ്ഞാറ്, തെക്ക് **ബംഗ്ലാദേശ്**

വടക്കുകിഴക്ക് - **അസം, മിസോറാം**



മിസ്റ്റർ മണ്ടപ്പൻ
കേരളത്തിൽ മൺസൂൺ നേരത്തെ എത്തും.
യാരപ്പാ ഈ മൻസൂർ?
മൻസൂറല്ല; മൺസൂൺ. എന്നുവച്ചാൽ മഴക്കാലം!
ഹാ! മഴക്കാലം നേരത്തെ വരുന്നതിൽ സന്തോഷമേയുള്ളൂ.
വേനൽച്ചൂട് സഹിക്കാൻ വയ്യ!
മച്ചൂ, നമുക്ക് മാക്രിക്കുളത്തിൽ പോയി ഒരു കുളി പാസ്സാക്കിയാലോ?
അതു കൊള്ളാം! ചൂടിൽ നല്ലൊരു ആശ്വാസമാകും.



ചൂട് അസഹ്യമാണല്ലോ മച്ചൂ.
ഏതായാലും, മൻസൂർ വേഗം വരുമല്ലോ എന്നതാണ് ആശ്വാസം.
അപ്പന്മാർ കുളത്തിനരികിൽ,
നോക്ക് മച്ചൂ, കുളത്തിൽ ഒമ്പിടി വെള്ളമില്ല.
മാക്രികൾ പോലും നാടുവിട്ടെന്നു തോന്നുന്നു.
നോക്ക് മച്ചൂ, ഒരു കുടം. അതിനുള്ളിൽ വല്ലതും തടയുമോ എന്തോ!
ഇതുവരെ വന്നതല്ലേ, നോക്കിക്കളയാം.
കുടം തുറന്നപ്പോൾ,
ങ്ഹേ?!


മച്ചൂ, മോഷ്ടാക്കൾ ഉപേക്ഷിച്ചതാണെന്ന് തോന്നുന്നു.
എന്നാൽ ഏമാന്മാരെ വിളി!
സാർ, മാക്രിക്കുളത്തിൽ നിന്ന് ഒരു കുടം കിട്ടിയിട്ടുണ്ട്.
അതിൽ മാക്രികളായിരിക്കും അപ്പന്മാരേ!
മാക്രികളല്ല; ഒന്നാന്തരം സ്വർണാഭരണങ്ങൾ ആണെന്ന് തോന്നുന്നു.
ങേ! എന്നാൽ ഞങ്ങളിതാ എത്തി.


ഏമാന്മാർ സ്ഥലത്ത്,
എവിടെ സർ കുടം?
ദാ, സാർ അ വിടെ.
ഇതെല്ലാം സ്വർ ണമാണോ?
സാർ, ഇതു മുഴു വൻ മുക്കു പണ്ടങ്ങ ളാണ്.
സ്വർണ്ണമാണെന്നു കരുതി മോഷ്ടിച്ച് കാര്യമറിഞ്ഞപ്പോൾ ഉപേക്ഷിച്ചതാവും.
വെയിൽകൊണ്ടതു മി ച്ചം. അപ്പന്മാരെവിടെ?
സോറി, ഏമാ ന്മാരേ... ഇ ത്തിരി തിര ക്കുണ്ട്. കാ ണാം.

# മണ്ണിന്റെ കിനാവുകൾ

**അഞ്ചാം തരം കേരളപാഠാവലിയിലെ ആദ്യ അധ്യായത്തിൽ പി മധുസൂദനൻ എഴുതിയ 'മണ്ണിന്റെ കിനാവുകൾ' എന്ന കവിതാശകലം പഠിക്കാനുണ്ടല്ലോ. കവിതയിൽ പറഞ്ഞിരിക്കുന്ന പൂക്കളുടെ ചിത്രങ്ങൾ ഇതാ...**


വാടാർമല്ലി


മുല്ല


പനിനീർ


തുമ്പ


ജമന്തി


കോളാമ്പി


കുരുക്കുത്തി മുല്ല


മുക്കുറ്റി


ചെത്തി / തെച്ചി

# കവിയെക്കുറിച്ച്



## പി. മധുസൂദനൻ

- വളയൻചിരങ്ങരയിലെ അരിമ്പശ്ശേരിവീട്ടിൽ കെ.പി. പടനായരുടെയും ശാന്തയുടെയും മകനായി ജനനം.

- കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, ഗ്രന്ഥശാലാ സംഘം, പുരോഗമന കലാസാഹിത്യ സംഘം എന്നിവയിൽ അംഗമായിരുന്നു.

- കുട്ടികളിൽ ശാസ്ത്ര ചിന്തയുണർത്തുന്ന കവിതകൾ രചിച്ച് ശ്രദ്ധേയനായി.

- അതിനുമപ്പുറമെന്താണ്?, മുക്കുറ്റിപ്പൂവിന്റെ ആകാശം, ഭൂമി പാടുന്ന ശീലുകൾ എന്നിവ പ്രധാന കൃതികൾ.

- സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരം, അബുദാബി ശക്തി അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

- 2018 ഒക്ടോബർ 8ന് അന്തരിച്ചു.

കവി എഴുതിയ 'അതിന്നുമപ്പുറമെന്താണ്' എന്ന കവിത കേൾക്കാൻ സ്കാൻ ചെയ്യുക

# ഉസ്താദും കുട്ടികളും



അസ്സലാമു അലൈക്കും.
വ അലൈക്കുമുസ്സലാം.




നല്ല ചൂടാണല്ലേ. മക്കൾ നന്നായി വെള്ളം കുടിക്കണം കേട്ടോ.
ഞങ്ങൾ കുടിക്കാറുണ്ട്, ഉസ്താദേ.
റാശിദ് ഒരു ബോട്ടിൽ നാരങ്ങാവെള്ളം കൊണ്ടുവന്നിട്ടുണ്ട്.
അതു കൊള്ളാമല്ലോ.
എന്നാൽ, നമുക്കിന്ന് മൂന്നുതരം വെള്ളങ്ങൾ പരിചയപ്പെട്ടാലോ?
മൂന്നുതരം വെള്ളമോ?
പറയാം, മൂന്നുതരം വെള്ളങ്ങളുണ്ട്.
ഒന്ന്: ത്വഹൂർ, രണ്ട്: ത്വാഹിർ, മൂന്ന്: മുതനജ്ജിസ്.
ഇതെല്ലാം എന്താണെന്നു കൂടി പറഞ്ഞു തരൂ.


പറയാം, ഇത് നോക്കൂ. മൂന്ന് ഗ്ലാസുകൾ കണ്ടില്ലേ?
കണ്ടല്ലോ.
ഈ വെള്ളമാണ് ത്വഹൂർ അഥവാ സ്വയം ശുദ്ധിയുള്ളതും മറ്റൊന്നിനെ ശുദ്ധിയാക്കാൻ കഴിവുള്ളതും.
വുളൂഅ് ചെയ്യാൻ ഉപയോഗിക്കുന്നത് ഈ വെള്ളമല്ലേ?
വെരി ഗുഡ്. അതുതന്നെ. എല്ലാ ശുദ്ധീകരണത്തിനും ഈ വെള്ളമാണ് വേണ്ടത്.
ഉസ്താദേ, രണ്ടാമത്തെ ഗ്ലാസ്സിലുള്ളതോ?
ഈ ഗ്ലാസ്സിൽ നജസ് ഉണ്ടെന്നിരിക്കട്ടെ, അപ്പോൾ ഈ വെള്ളം മുതനജ്ജിസ് ആകും.
ഈ വെള്ളം കുടിക്കാനോ ശുദ്ധീകരിക്കാനോ പറ്റില്ല അല്ലേ?
അതേ, പറ്റില്ല . ഇനി റാശിദ് മോൻ ഇത്തിരി നാരങ്ങാവെള്ളം കൊണ്ടുവരൂ.
ഇതാ ഉസ്താദേ.
ഉസ്താദ് നാരങ്ങവെള്ളം മൂന്നാമത്തെ ഗ്ലാസ്സിൽ ഒഴിച്ചു.
ഇതാണ് ത്വാഹിർ. കുടിക്കാം; ശുദ്ധീകരണത്തിന് പറ്റില്ല.
മൂന്നുതരം വെള്ളങ്ങൾ ഇപ്പോൾ മനസ്സിലായി.

കവിതക്കതിർ

# നാളേയ്ക്കുവേണ്ടി

ഒരു തൈ നടാം
നമുക്കമ്മയ്ക്കുവേണ്ടി
ഒരു തൈ നടാം
കൊച്ചുമക്കൾക്കുവേണ്ടി
ഒരു തൈ നടാം
നൂറു കിളികൾക്കുവേണ്ടി
ഒരു തൈ നടാം
നല്ല നാളേയ്ക്കുവേണ്ടി

*സുഗതകുമാരി*


സുഗതകുമാരി

കവിത കേൾക്കാൻ
സ്കാൻ ചെയ്തോളൂ

പ്രശസ്ത കവയിത്രി സുഗതകുമാരി എഴുതിയതാണ് ഈ വരികൾ. മരങ്ങൾ ധാരാളം നട്ടുപിടിപ്പിക്കാൻ പ്രചോദനം നൽകുകയാണ് കവി. അമ്മയ്ക്കുവേണ്ടിയും മക്കൾക്കുവേണ്ടിയും കിളികൾക്ക് വേണ്ടിയുമെല്ലാം മരങ്ങൾ നട്ടുപിടിപ്പിക്കണം. നമ്മുടെ വീടിനു ചുറ്റുമുള്ള ഫലവൃക്ഷങ്ങൾ കണ്ടില്ലേ? അവയെല്ലാം ആര് നട്ടുവളർത്തിയതാണെന്ന് ആലോചിച്ചിട്ടുണ്ടോ? നമ്മുടെ ഉപ്പമാരോ ഉപ്പാപ്പമാരോ നട്ടുപിടിപ്പിച്ചതാവാം അവ. വരാനിരിക്കുന്ന തലമുറക്കു വേണ്ടി നമുക്കും മരങ്ങൾ വെച്ചുപിടിപ്പിച്ചാലോ? ഏതെല്ലാം മരങ്ങളാണ് നടുക? എഴുതി നോക്കൂ.

- മാവ്
- പേരയ്ക്ക
-
-
-
-





# ആത്മസുഹൃത്ത്

**കി**ങ്ങിണിക്കാട്ടിൽ കുട്ടു, മിട്ടു എന്നു പേരുള്ള രണ്ടു മുയലുകൾ താമസിച്ചിരുന്നു. അവർ തമ്മിലുള്ള സൗഹൃദം കണ്ട് കാക്കക്ക് അസൂയ തോന്നി. ഒരിക്കൽ കാക്ക കുട്ടുമുയലിനോട് പറഞ്ഞു: 'എടാ, മിട്ടുവിന് ഉള്ളിൽ നിന്നോട് വെറുപ്പാണ് കേട്ടോ, സൂക്ഷിക്കണം. നീ എന്റെ കൂടെ പോരുന്നോ?' കാക്കയുടെ മനസ്സിലിരിപ്പറിഞ്ഞ കുട്ടു പറഞ്ഞു: 'ശരി, ഞാൻ വരാം. പക്ഷേ, എനിക്ക് നല്ല വിശപ്പുണ്ട്. വല്ലതും കഴിക്കാൻ കിട്ടണം.'

'അതിനെന്താ, ഞാൻ നല്ല മുഴുത്ത കാരറ്റ് കൊണ്ടുവരാമല്ലോ' എന്നുപറഞ്ഞ് കാക്ക ദൂരേക്ക് പറന്നുപോയി. കുട്ടു ഉടനെ മിട്ടുവിനോട് കാര്യം പറഞ്ഞു.

മിട്ടു അതുകേട്ട് പറഞ്ഞു: 'നമുക്കിപ്പോൾ തന്നെ അപ്പുറത്തെ കാട്ടിലേക്കു പോകാം. നമ്മൾ തമ്മിലുള്ള സൗഹൃദം ഇല്ലാതാക്കാനാണ് ആ കള്ളിക്കാക്ക ശ്രമിക്കുന്നത്.' വൈകാതെ, ഇരുവരും അടുത്ത കാട്ടിലേക്ക് പുറപ്പെട്ടു.

കാരറ്റുമായി തിരിച്ചെത്തിയ കാക്കയ്ക്ക് അവിടെ മുയലുകളുടെ പൊടിപോലും കാണാൻ കഴിഞ്ഞില്ല. ആത്മസുഹൃത്തുക്കളെ തെറ്റിക്കാൻ കഴിയില്ലെന്ന് കാക്കയ്ക്കപ്പോൾ മനസ്സിലായി.

*അദ്ഫ ബതൂൽ, ക്ലാസ് 6,*
*നൂറുള്ളലാം മദ്റസ, നല്ലൂർ*



## ഉമ്മയുടെ വില

**ഒ**രു വ്യക്തിയുടെ ജീവിതത്തിൽ കൂടുതൽ സ്വാധീനമുണ്ടാവുക ഉമ്മയ്ക്കായിരിക്കും. ഉമ്മയുടെ അതുല്യമായ സ്നേഹ വാത്സല്യങ്ങൾക്കു മുമ്പിൽ നമ്മൾ തോറ്റുപോകും.

ദർസിൽ പോയിത്തുടങ്ങിയപ്പോഴാണ് എനിക്ക് ഉമ്മയുടെ വില മനസ്സിലായത്. മാതാപിതാക്കളുടെ ദീർഘായുസ്സിനും ആരോഗ്യത്തിനും വേണ്ടി എന്നും ഞാൻ പ്രാർത്ഥിക്കാറുണ്ട്.

***സയ്യിദ് മുഹമ്മദ് ശിബ്‌ലി കെപി, ക്ലാസ് 7, മഅദിൻ അറബിക് വില്ലേജ്, മലപ്പുറം***

## ചങ്ങാതി

ഞങ്ങൾക്കുണ്ടൊരു ചങ്ങാതി
കുസുമം എന്നൊരു ചങ്ങാതി
അറിവുകളേറെ നൽകീടും
നന്മ നിറഞ്ഞൊരു ചങ്ങാതി
മാസംതോറും ഞങ്ങൾക്കായ്
മദ്റസവാടിയിലെത്തീടും.

***ദുജാന തസ്നീം എം, ക്ലാസ് 7, മൻശഉൽ ഉലൂം മദ്റസ, തെഞ്ചേരി***

## ചാലിയാർ

**ചാ**ലിയാർ, നീയെത്ര സുന്ദരി
തോപ്പുകളുടെ ദാഹമകറ്റി
ഹരിതഭംഗി നൽകും
നിൻ കൈവഴികൾ!

മലമുകളിൽ നിന്നുതിർന്ന്
എത്ര കാടുകൾ, കല്ലുകൾ
മരങ്ങൾ കണ്ടു നീ?

കണ്ണീരും ചിരിയുമുള്ള
എത്രയെത്ര ഓളങ്ങൾ
നിൻ മടിയിൽ തിളങ്ങുന്നു!

പുഴകളുടെ റാണീ, നീ
അറബിക്കടലിൽ ചേരുമ്പോൾ
കാണാനെന്തു ചേലാണ്!

***ഹംന കെ, ക്ലാസ് 6, ഖുവ്വത്തുൽ ഇസ്‌ലാം മദ്റസ, തുവ്വക്കാട്***



# കത്തുകൾ

പ്രിയപ്പെട്ട ബാലകുസുമത്തിന്,

ഞാൻ ഏറ്റവും കൂടുതൽ വായിച്ച മാസികയാണ് നീ. അറിവിന്റെ ചിറകു നൽകി എന്നെ പറന്നുയരാൻ സഹായിച്ചത് നീയാണ്. എല്ലാ പംക്തികളും ഒന്നിനൊന്നു മെച്ചം. ആദ്യം അബൂട്ടി വായിക്കുമ്പോൾ സങ്കടമായിരുന്നു; ഇപ്പോൾ ഹാപ്പിയാണ് കേട്ടോ. അടുത്ത ലക്കത്തിനായി കാത്തിരിക്കുന്നു.

*ആഇശ റന കെ, മൻശഉൽ ഉലും*
*സെക്കണ്ടറി മദ്റസ, തെഞ്ചേരി*

പ്രിയപ്പെട്ട ബാലകുസുമത്തിന്,

നിനക്ക് സുഖമല്ലേ? നിന്റെ ഓരോ വരവും എന്നെ സന്തോഷഭരിതനാക്കുന്നു. നിന്നിലെ ഓരോ കഥയും കവിതയും ഞാൻ ആസ്വദിച്ചു വായിക്കാറുണ്ട്. ഒത്തിരി പുതുമകളുമായി വേഗം വരുമെന്ന പ്രതീക്ഷയോടെ,

*സമീൽ ഹാദി എം പി, ക്ലാസ് 7,*
*ഖിദ്മത്തുൽ ഇസ്‌ലാം മദ്റസ, ചുള്ളിപ്പാറ*

പ്രിയപ്പെട്ട ബാലകുസുമമേ,

ഞാൻ രണ്ടാം ക്ലാസിലേക്ക് ജയിച്ചു. മദ്റസയിൽ ആദ്യ ദിവസം എനിക്ക് ലഡുവും ചായയും മിഠായിയുമെല്ലാം കിട്ടിയിരുന്നു. ഇനി മുതൽ നിന്നെ നേരത്തെ കിട്ടുമല്ലോ എന്നതാണ് എനിക്ക് കൂടുതൽ സന്തോഷം നൽകുന്നത്. കുസുമം വായിക്കാൻ എനിക്ക് വളരെയധികം ഇഷ്ടമാണ്. ഇത്താത്തയും ചിലപ്പോൾ എനിക്ക് വായിച്ചുതരാറുണ്ട്. നിന്റെ വരവിന്നായി കാത്തിരിക്കുന്നു.

*കൈസ് ഒ കെ, ക്ലാസ് 2,*
*അഹ്ദലിയ്യ സുന്നി മദ്റസ, കക്കൻചിറ*

# പദപ്രശ്നം 8

| | | | | | |
|---|---|---|---|---|---|
| 1 | | 9 മ | | 7 | |
| 4 | | | 8 | | ന്ധ്രി |
| | ■ | 3 | 6 | | |
| | 5 | | | | 10 |
| 2 | | | ൻ | 11 | |

**വലത്തോട്ട്**

1. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ പിണറായി വിജയൻ മത്സരിച്ച മണ്ഡലം? (4)



ചിത്രം 1

2. ............ പീഠഭൂമി 'ലോകത്തിന്റെ മേൽക്കൂര' എന്നറിയപ്പെടുന്നു. (4)
4. ഒരു പഴയകാല കാർഷിക ഉപകരണം? (2)
5. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നടന്ന ആദ്യ സത്യാഗ്രഹ സമരം? (4)
6. ക്രിസ്ത്യാനികളുടെ ചെറിയ ആരാധന മന്ദിരം? (3)
7. ഒരു സംഗീതോപകരണം (2)
8. സൈലന്റ്‌വാലിയുടെ ഹൃദയഭാഗം അറിയപ്പെടുന്നത്? (3)
11. കേരളത്തിന്റെ സംസ്ഥാന ഫലം? (2)

**താഴോട്ട്**

1. തമിഴ്നാട്ടിലെ രാമേശ്വരത്തുള്ള ഉപേക്ഷിക്കപ്പെട്ട പട്ടണം? (5)
3. ശലഭം എന്നതിന്റെ ഒരു പര്യായപദം? (3)
6. വേഷം മാറി നടന്ന് ശത്രുക്കൾക്ക് രഹസ്യങ്ങൾ ചോർത്തുന്ന വ്യക്തി? (3)

7. കേരളത്തിലും അയൽസംസ്ഥാനങ്ങളിലും ആനക്കൊമ്പ്, ചന്ദനം കൊള്ള നടത്തിയിരുന്ന കുപ്രസിദ്ധ മോഷ്ടാവ്? (4)
9. എംടിയുടെ പ്രശസ്ത നോവൽ? (2)
10. ചിത്രം 1 (2)

## പദപ്രശ്നം 7 ഉത്തരം

| | | | | | |
|---|---|---|---|---|---|
| 1 സൈ | 7 പ്ര | 3 സ് | ട്രോ | 4 ബെ | റി |
| ല | വാ | | 5 അ | ന്യാ | യം |
| ന്റ് | സി | 6 കേ | രി | മി | 10 ചാ |
| 2 വാ | ന | ര | ൻ | ൻ | ച്ചാ |
| ലി | 8 ക | ളം | 9 ഗാ | ന്ധി | ജി |

പദപ്രശ്നം പൂരിപ്പിച്ച ശേഷം പേജിന്റെ ഫോട്ടോ ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുക.

**അവസാന തീയതി: 2026 ജൂൺ 10**

## പദപ്രശ്നം 7 വിജയികൾ

1. അഹ്റാസ്, ക്ലാസ് 8, അൽബദ്‌രിയ്യ മദ്റസ, കടവത്തൂർ
2. ഫറാശ നൈന, ക്ലാസ് 2, ഇസ്സത്തുൽ ഇസ്‌ലാം സുന്നി മദ്റസ, കൊടപ്പുറം
3. അദ്നാൻ, ക്ലാസ് 6, യൂസുഫുൽ ബാഖവി മെമ്മോറിയൽ സുന്നി മദ്റസ, എരഞ്ഞിക്കുന്ന്
4. ഫാതിമ ലീന, ക്ലാസ് 8, സലാമതുൽ ഈമാൻ സുന്നി മദ്റസ, ഏലിയാപറമ്പ്
5. അവ്വാമ ഫാദില കെ, ക്ലാസ് 8, മുനീറുൽ ഇസ്‌ലാം മദ്റസ, മൊഗ്രാൽ
6. ആഇശ നഫ്‌ല, ക്ലസ് 8, മുനീറുൽ ഇസ്‌ലാം മദ്റസ, മൊഗ്രാൽ
7. സുമയ്യ എൻ.വി, ക്ലാസ് 6, സുന്നനുൽഹുദാ മദ്റസ, കല്ലിടുമ്പിൽ
8. സുലൈഫ, ക്ലാസ് 5, ബദ്റുൽഹുദാ മദ്റസ, പനമരം
9. ആഇശ നാജിയ എൻ, ക്ലാസ് 12, കൗകബുൽ ഹുദാ മദ്റസ, വൈക്കത്തുപാടം
10. അബ്ദുല്ല ബിൻ താഹ, ക്ലാസ് 5, ബുസ്താനുൽ ആരിഫീൻ മദ്റസ, കാഞ്ഞങ്ങാട്

മിദ്‌ലാജ് ടി ചെറുമുക്ക്

# കുട്ടികളുടെ മോചനം

**ജൂൺ 12 – ലോക ബാലവേലവിരുദ്ധ ദിനം**

*കൃഷിയിടങ്ങളിലും മറ്റും ഭാരിച്ച ജോലികൾ ചെയ്യുന്ന കുട്ടികളെ കൂട്ടുകാർ കണ്ടിട്ടുണ്ടോ? വിവിധ തരത്തിൽ ചൂഷണത്തിനിരയാകുന്ന കുട്ടികളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതിനായി അന്താരാഷ്ട്ര തൊഴിലാളി സംഘടനയുടെയും യുണിസെഫിന്റെയും ആഭിമുഖ്യത്തിൽ, എല്ലാ വർഷവും ജൂൺ 12 ലോക ബാലവേലവിരുദ്ധ ദിനമായി ആചരിക്കുന്നു. ഇതാ, ബാലവേലയെക്കുറിച്ച് ചില വിശേഷങ്ങൾ:*



- ലോകമെമ്പാടും 5 മുതൽ 17 വയസ്സ് വരെ പ്രായമുള്ള ഏകദേശം 160 ദശലക്ഷം കുട്ടികൾ ബാലവേലയിൽ ഏർപ്പെട്ടിട്ടുണ്ടെന്നാണ് കണക്ക്.

- ബാലവേല ഇല്ലാതാക്കാൻ സർക്കാരുകളെ സജ്ജമാക്കുക, ജനങ്ങളിൽ അവബോധം വളർത്തുക, നയങ്ങൾ നടപ്പിലാക്കുക എന്നിവയാണ് ദിനാചരണത്തിന്റെ പ്രധാന ലക്ഷ്യം.

☯ അടിമവേല, കടത്തിക്കൊണ്ടുപോകൽ തുടങ്ങി കുട്ടികളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കും ഭീഷണിയാകുന്ന അപകടകരമായ ജോലികളെല്ലാം ബാലവേലയാണ്.

☯ ബാലവേലയുടെ സിംഹഭാഗവും നടക്കുന്നത് കാർഷികമേഖലയിലും നിർമ്മാണ മേഖലയിലുമാണ്.

☯ ബാലവേല തടയുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കലാണ്.

☯ കുട്ടികളുടെ അറിവും അന്തസ്സും കഴിവും വികസിപ്പിക്കാനുള്ള അവസരം ബാലവേല ഇല്ലാതാക്കുന്നു.

☯ വിദ്യാഭ്യാസം ലഭിക്കാതാകുമ്പോൾ ഭാവിയിൽ മെച്ചപ്പെട്ട ജോലി നേടാൻ ഇവർക്ക് കഴിയാതെ വരുന്നു, ഇത് ദാരിദ്ര്യം തുടരാൻ കാരണമാകുന്നു.

☯ കഠിനജോലികൾ കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയെ ദോഷകരമായി ബാധിക്കുന്നു. ❖



# മൺസൂൺ വന്നേയ്

**വീ**ണ്ടും മൺസൂൺ വന്നല്ലോ
മഴയുടെ താളം കേട്ടല്ലോ
പെയ്യുന്നു മഴ പെയ്യുന്നു
ഇലയിൽ ഇതളിൽ ഇടവഴിയിൽ
അതിരു കവിഞ്ഞിട്ടൊഴുകുന്നു
വയലും പുഴയും കൈത്തോടും.

**റൈഹാൻ**

# കേരളത്തിലെ വലുതും ചെറുതും

- ഏറ്റവും വലിയ ജില്ല: ഇടുക്കി
- ഏറ്റവും ചെറിയ ജില്ല: ആലപ്പുഴ
- ജനസംഖ്യ ഏറ്റവും കൂടിയ ജില്ല: മലപ്പുറം
- ജനസംഖ്യ ഏറ്റവും കുറഞ്ഞ ജില്ല: വയനാട്
- കടൽത്തീരം ഏറ്റവും കൂടുതലുള്ള ജില്ല: കണ്ണൂർ
- കടൽത്തീരം ഏറ്റവും കുറഞ്ഞ ജില്ല: കൊല്ലം
- വടക്കേ അറ്റത്തെ പഞ്ചായത്ത്: മഞ്ചേശ്വരം
- തെക്കേ അറ്റത്തെ പഞ്ചായത്ത്: പാറശ്ശാല
- വടക്കേ അറ്റത്തെ താലൂക്ക്: മഞ്ചേശ്വരം
- തെക്കേ അറ്റത്തെ താലൂക്ക്: നെയ്യാറ്റിൻകര
- ഏറ്റവും വലിയ താലൂക്ക്: ഏറനാട്
- ഏറ്റവും ചെറിയ താലൂക്ക്: കുന്നത്തൂർ
- കൂടുതൽ ഗ്രാമപഞ്ചായത്തുകളുള്ള ജില്ല: മലപ്പുറം
- ഏറ്റവും വലിയ വന്യജീവി സങ്കേതം: പെരിയാർ
- ഏറ്റവും ചെറിയ വന്യജീവി സങ്കേതം: മംഗളവനം
- ഏറ്റവും വലിയ പക്ഷിസങ്കേതം: തട്ടേക്കാട് (എറണാകുളം)
- ഏറ്റവും ചെറിയ പക്ഷിസങ്കേതം: മംഗളവനം (എറണാകുളം)
- ഏറ്റവും വലിയ ദേശീയോദ്യാനം: ഇരവികുളം
- ഏറ്റവും ചെറിയ ദേശീയോദ്യാനം: പാമ്പാടുംചോല
- ഏറ്റവും നീളം കൂടിയ നദി: പെരിയാർ
- ഏറ്റവും നീളം കുറഞ്ഞ നദി: മഞ്ചേശ്വരം പുഴ
- ഏറ്റവും വലിയ ശുദ്ധജല തടാകം: ശാസ്താംകോട്ട കായൽ
- ഏറ്റവും വലിയ കായൽ: വേമ്പനാട്ടു കായൽ
- ഏറ്റവും വലിയ ജലസേചന പദ്ധതി: കല്ലട
- ഏറ്റവും വലിയ ജലവൈദ്യുത പദ്ധതി: ഇടുക്കി
- ഏറ്റവും കൂടുതൽ ജലവൈദ്യുത പദ്ധതികളുള്ള നദി: പെരിയാർ
- ഏറ്റവും കൂടുതൽ ജലസേചന പദ്ധതികളുള്ള നദി: ഭാരതപ്പുഴ

Current Affairs

## കേരളം കൈയടക്കി

പതിനാറാം കേരള നിയമസഭ തിരഞ്ഞെടുപ്പിൽ 140 ൽ 102 സീറ്റുകൾ നേടി കോൺഗ്രസ് നയിക്കുന്ന ഐക്യജനാധിപത്യ മുന്നണി (യുഡിഎഫ്) അധികാരത്തിലേറി. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് 35 സീറ്റ് മാത്രമാണ് ലഭിച്ചത്.

## പുസ്തക തലസ്ഥാനം

യുനെസ്കോയുടെ 2027 ലെ ലോക പുസ്തക തലസ്ഥാനമായി കൊളംബിയൻ നഗരമായ മെഡെലിൻ തിരഞ്ഞെടുക്കപ്പെട്ടു. പുസ്തകങ്ങൾക്കു പ്രചാരം നൽകുകയും വായനയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നഗരങ്ങൾക്കുള്ള ആദരമാണ് ഈ പദവി. ഏപ്രിൽ 23 മുതൽ ഒരു വർഷത്തേക്കാണ് പദവി. മൊറോക്കോയിലെ റബാത്താണ് ഈ വർഷത്തെ ലോക പുസ്തക നഗരം.



## ഡിജിറ്റൽ ബ്രിജ്

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സെമി കണ്ടക്ടർ, ഇൻഫർമേഷൻ ടെക്നോളജി തുടങ്ങിയ മേഖലകളിൽ സഹകരണം ലക്ഷ്യമിട്ട് ഇന്ത്യയും ദക്ഷിണ കൊറിയയും 'ഇന്ത്യ-കൊറിയ ഡിജിറ്റൽ ബ്രിജ്' പദ്ധതി പ്രഖ്യാപിച്ചു.

## ആപ്പിൾ സിഇഒ

യുഎസിലെ ആഗോള ടെക്നോളജി കമ്പനിയായ ആപ്പിളിന്റെ പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫിസറായി ജോൺ ടെർണസിനെ തിരഞ്ഞെടുത്തു. ടിം കുക്ക് സ്ഥാനമൊഴിയുന്നതോടെയാണ് നിയമനം. സെപ്റ്റംബർ ഒന്നിനാണ് ടെർണസ് ചുമതലയേൽക്കുക.

## ലാഹിരി വൈ. ചെയർമാൻ

നിതി ആയോഗിന്റെ പുതിയ വൈസ് ചെയർമാനായി അശോക് കുമാർ ലാഹിരി നിയമിതനായി. സുമൻബെറിക്കു പിൻഗാമിയായാണു നിയമനം. പ്രധാനമന്ത്രിയാണ് ചെയർമാൻ.

## യു-ടേൺ

പെട്രോളിയം കയറ്റുമതി രാജ്യങ്ങളുടെ സംഘടനയായ ഒപെക്കിൽനിന്ന് യുഎഇ പിന്മാറി. എണ്ണ ഉൽപാദനവും കയറ്റുമതിയും സ്വതന്ത്രമായി നടത്തുമെന്നു പ്രഖ്യാപിച്ചാണ് പിൻമാറ്റം. 1960 സെപ്റ്റംബർ 14നാണ് ഇറാഖിലെ ബഗ്ദാദിൽ ഓർഗനൈസേഷൻ ഓഫ് പെട്രോളിയം എക്സ്പോർട്ടിംഗ് കൺട്രീസ് (ഒപെക്) രൂപീകരിച്ചത്.

# വരവു് കണ്ടാൽ



പുല്ലു തിന്നുകയായിരുന്നു കുട്ടുമുയൽ.
ഹായ്! നല്ല ഒന്നാന്തരം ഇളം പുല്ലുകൾ.




ങേ? ഒരു പട്ടാളക്കാരന ല്ലേ ആ വരുന്നത്? വേ ഗം മാളത്തിലൊളിക്കാം.
ടക്.. ടക്...
മുയൽ മാളത്തിനകത്ത്,
ഹൗ രക്ഷപ്പെട്ടു! ഒ ന്നാന്തരം ആയുധ മാണ് അയാളുടെ കൈയിൽ.
അല്പസമയം കഴിഞ്ഞപ്പോൾ,
പട്ടാളക്കാരൻ പോയെന്ന് തോ ന്നുന്നു.



മുയൽ വീണ്ടും പുല്ലു തിന്നാൻ തുടങ്ങി. അപ്പോൾ ദൂരെ ഒരാൾ പതുങ്ങിപ്പതുങ്ങി വരുന്നതു കണ്ടു.
മറ്റാരോ വരുന്നുണ്ടല്ലോ, ആരാണത്?
ആളൊരു പേടിത്തൊണ്ടനാണെന്ന് തോന്നുന്നു. പതുങ്ങിപ്പതുങ്ങിയാണ് വരവ്.
പട്ടാളക്കാരനെ പേടിക്കാത്ത ഞാനെന്തിന് അയാളെ പേടിക്കണം?
അയാൾ അടുത്തെത്തിയതും,
വൂഷ്.....
ഹയ്യോ!
കിട്ടിപ്പോയ്!
ഹുയ്യാ! ചതിച്ചു; വേട്ടക്കാരൻ!
ശബ്ദവും വേഗതയും നോക്കിയല്ല ആളുകളെ വിലയിരുത്തേണ്ടതെന്ന് ഞാനോർത്തില്ല.

# കളിക്കളം

## വഴി കാണിക്കാമോ?

അമ്മയുടെ കൂടെ നടക്കുന്നതിനിടെ കുഞ്ഞിത്താറാവ് കുഴിയിൽ വീണു പോയി. അമ്മയുടെ അടുത്തെത്താൻ കൂട്ടുകാർ സഹായിക്കില്ലേ?



## ഇരട്ടകളേത്?

ഇരട്ടകളെ കണ്ടെത്തി വൃത്തത്തിലാക്കൂ.



## എണ്ണമെഴുതൂ...

ഇടത്തോട്ട് ◯ വലത്തോട്ട് ◯

## വ്യത്യാസങ്ങൾ കണ്ടെത്താമോ?

ഈ ചിത്രങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?



## നിറം നൽകാം



# English Corner

## Story Line

# The Lion and the Slave Boy

Unable to bear the torture of his cruel master, a slave boy ran away to the forest. There, he saw a lion writhing in pain. A large thorn was stuck in its paw. Although he felt afraid, he gathered his courage, approached the lion, and slowly pulled the thorn out. Once the pain subsided, the lion looked at the slave for a moment and walked away from there.

Days later, the slave's master came to the same forest for hunting. He captured many animals and caged them. Meanwhile, the master caught the slave who was hiding behind a tree. As punishment for running away, the master threw him into the lion's cage. Seeing the large lion, he stood in a corner of the cage in fear. Recognizing that the person in front of him was the one who had rescued it before, the lion came near the slave and stood obediently. Immediately, the slave opened the cages and freed the lion and all the other animals.



# സിംഹവും അടിമ ബാലനും

ക്രൂരനായ യജമാനന്റെ പീഡനങ്ങൾ സഹിക്കവയ്യാതെ ഒരു അടിമബാലൻ കാട്ടിലേക്ക് ഓടിപ്പോയി. അവിടെ വേദനകൊണ്ട് പുളയുന്ന ഒരു സിംഹത്തെ അവൻ കണ്ടു. അതിന്റെ കൈപ്പത്തിയിൽ



ഒരു വലിയ മുള്ള് തറച്ചിരുന്നു. ഭയം തോന്നിയെങ്കിലും അവൻ ധൈര്യം സംഭരിച്ച് സിംഹത്തിനടുത്തെത്തി പതുക്കെ ആ മുള്ളു പറിച്ചെടുത്തു. വേദന മാറിയ സിംഹം അടിമയെ അല്പനേരം നോക്കിനിന്ന് അവിടെനിന്നു പോയി. ദിവസങ്ങൾക്കു ശേഷം, അടിമയുടെ യജമാനൻ നായാട്ടിനായി അതേ കാട്ടിലെത്തി. അയാൾ കുറെ മൃഗങ്ങളെ പിടികൂടി കൂട്ടിലടച്ചു. ഇതിനിടെ, ഒരു മരത്തിനു പിന്നിൽ ഒളിച്ചിരുന്ന അടിമയെ യജമാനൻ പിടികൂടി. ഓടിപ്പോയതിനുള്ള ശിക്ഷയായി യജമാനൻ അവനെ സിംഹത്തിന്റെ കൂട്ടിലെറിഞ്ഞു. വലിയ സിംഹത്തെ കണ്ട് അവൻ കൂടിന്റെ ഒരു മൂലയിൽ പേടിച്ചുനിന്നു. മുമ്പ്, തന്നെ രക്ഷപ്പെടുത്തിയ വ്യക്തിയാണ് മുന്നിലുള്ളതെന്നു തിരിച്ചറിഞ്ഞ സിംഹം അടിമയുടെ അടുത്തെത്തി അനുസരണയോടെ നിന്നു. ഉടനെ, അടിമ സിംഹത്തെയും മറ്റു മൃഗങ്ങളെയുമെല്ലാം കൂടു തുറന്ന് മോചിപ്പിച്ചു.

# *Grammar*

## Direct and Indirect speech

### *Look, here is a dialogue between the fox and elephant in the picture given in the last issue:*

- **Fox:** "Look! Do you see the **sparrow** in the **tree**?"
- **Elephant**: "Yes, **friend**. She is building a **nest** high up."
- **Fox**: "Will the **nest** stay safe up in that **tree**?"
- **Elephant**: "It is strong. Our **friend** is a good builder."
- **Fox**: "I wish I could reach that **nest** to help."
- **Elephant**: "We can protect the **tree** from the ground."

### *Look, here is a dialogue between the fox and elephant in the picture given in the last issue:*

- The **fox** asked the elephant if he saw the **sparrow** in the **tree**.
- The **elephant** replied to his **friend** that she was building a **nest**.
- The **fox** wondered if the **nest** would be safe in the **tree**.
- The **elephant** assured his **friend** that she was a good builder.
- The **fox** expressed a wish to reach the **nest** to help.
- The **elephant** suggested they protect the **tree** from the ground.

## Look, how the pronouns are changing:

- I – He / She
- We – They
- You – He / She, They
- My – His / Her
- Our – Their
- Your – His / Her, Their
- Me – Him / Her
- Us – Them
- Mine – His / Hers
- Ours – Theirs
- Yours – His / Her, Theirs

**Poem**

# Child and Pilot



"Hey pilot, hey pilot,
What are you doing?"
"I'm steering this bird, child,
The wind I'm pursuing!"
"Where are you traveling,
Up in the height?"
"Over the summits,
And into the light!"
"What do you see,
From your window so high?"
"The soft, drifting clouds,
As they float through the sky!"

**Salam Thirumala**


Master Imitable
Today is Thursday, right? Do you know there's something special about tomorrow?
Of course! Tomorrow is Friday. It's the day of Jumu'ah, isn't it?
That's true, but there's another significance as well. Try to guess.
Oh, I see! Tomorrow is Environment Day, isn't it?
Exactly! That's what I meant.
Tell me, Adil, what all can we do tomorrow?
We can go and check on the trees we planted by the roadside in previous years.
Right! We can clear the weeds around them and build small soil basins to hold water.


At the site where they planted trees last year,
Wow! Look at this, it has grown taller than us!
We're lucky that goats or other animals haven't destroyed it.
It's getting late now. Let's come back this way tomorrow.
The Next Day
Let's place these things here.
I'll handle the watering.
Since it's Environment Day, shall we plant some new trees for this year too?
Sure! Adil, I have some saplings at my house.
Then come on, let's go and get them.
Okay, Adil.
I'll take these two mango saplings.
And I'll take these two guava saplings.

# WORD PUZZLE

Read the story **'The Lion and the Slave Boy'** and find out 10 words from the puzzle.

| | | | | | | |
|---|---|---|---|---|---|---|
| T | O | R | T | U | R | E |
| H | C | E | C | A | G | E |
| O | R | T | O | N | E | R |
| R | U | S | R | O | U | T |
| N | E | A | N | I | A | P |
| | L | M | E | P | A | W |
| C | O | U | R | A | G | E |

## Name me



U



U



U

ANS: Umbrella, Uniform, Umpire

## Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | 5 | 7 | | 1 | | | | |
| | | | | | | 1 | 7 | 3 |
| | | | 6 | 8 | 7 | 9 | 2 | |
| | | | 3 | | 5 | 2 | 6 | |
| | | 2 | | 9 | | 5 | | |
| | 1 | 5 | | | 8 | | | |
| | 6 | | 7 | | | | 3 | 9 |
| 5 | | | | 6 | | 7 | | |
| 1 | 7 | | 9 | | | | | 4 |

## Sudoku

ANSWER
**2026 May Issue**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | 2 | 9 | 7 | 1 | 3 | 8 | 6 | 4 |
| 8 | 7 | 3 | 4 | 6 | 5 | 1 | 9 | 2 |
| 1 | 6 | 4 | 8 | 2 | 9 | 3 | 5 | 7 |
| 7 | 3 | 1 | 9 | 5 | 2 | 6 | 4 | 8 |
| 6 | 5 | 2 | 1 | 4 | 8 | 9 | 7 | 3 |
| 9 | 4 | 8 | 6 | 3 | 7 | 2 | 1 | 5 |
| 4 | 8 | 5 | 3 | 9 | 1 | 7 | 2 | 6 |
| 2 | 1 | 7 | 5 | 8 | 6 | 4 | 3 | 9 |
| 3 | 9 | 6 | 2 | 7 | 4 | 5 | 8 | 1 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**